# പഞ്ചാംഗം.

എപ്പകത്തി ൩൦.　　　　　ഞായറാഴ്ച അക്ഷരം .൯

.൧൮൭൨

## ൩൧ാം മാർച്ച് — ൧൮ാമെ കുംഭം — മീനം.

### മാർ യൌസേപ്പുപുണ്യവാൻെറ വണക്കമൊസം.

1 18 ശ　ന. ആ. കു. ആ.　റോ.
2 19 ഞാ　✠ ൫ാം-ാംഞാ.　.൨൦൦൭? .൭൧ .൨ .൧൧　ന. കു. ആ.　റോ.
☞ ഇന്ന പാതിരാവിൽ അമ്പതുനോമ്പു തുടങ്ങും.
അടുത്തതു് ആദ്യവെള്ളി.
3 20 തി　ന. ആ. കു. ആ.　റോ.
4 21 ചൊ　പാ. വെ. ലൂസിയോസ് ന. ആ. കു. വെ.　ച്യ.
5 22 ബു　കെത്തുമാ. ന. ആ. കു. ആ.　റോ.
6 23 വ്യാ　* അ. മൌ. മല്പാൻ ക്രുറില്ലോസ് ന. ആ. കു. വെ.　വെ.
7 24 വെ　മൌ. മ. തോമ്മാ. (ഒരുനേരം) ന. ആ. കു. വെ.　വെ.
8 25 ശ　* മൌ. മ. യോഹന്നാൻ ദാലാഹാ. ന. ആ. കു. വെ.　വെ.
9 26 ഞാ　✠ നോമ്പു ൧-ാംഞാ. .൧൭ .൧ .൨　ന. കു. ആ.　റോ.
☞ മാർ യൌ. മരണത്തിരു. നൊവേന നാളെ തുടങ്ങും.
10 27 തി　(മാർ യൌ. മരണ. നൊ. തുട.)　ന. ആ. കു. ആ.　റോ.
11 28 ചൊ　ന. ആ. കു. ആ.　റോ.
വാഴക്കുളം ആശ്രമദേവാലയത്തിൽ ൪൦ മണിആരാധന തുടങ്ങുന്നു.
12 29 ബു　പാ. മൌ. മ. ഗ്രിഗോരി (പട്ടം)　വെ.
13 30 വ്യാ　ന. ആ. കു. ആ.　റോ.
14 1 വെ　⊛ * ന. ക. കുന്തം, ആണി (പട്ടം) (ഒരുനേരം)ന. ആ. കു. വെ. ച്യ.
15 2 ശ　(പട്ടം) ന. ആ. കു. ആ.　റോ.
16 3 ഞാ　✠ നോ. ൨-ാംഞാ.　.൧൨ .൧ .൧൧　ന. കു. ആ.　റോ.
17 4 തി　* അ. മൌ. പത്രീസ്യോസ്　ന. ആ. കു. വെ.　വെ.
18 5 ചൊ　* ഗൌറിയേൽ റേശ്മാലാഖാ　ന. ആ. കു. വെ.　വെ.
19 6 ബു　ശ്രു. മാർ യൌസേപ്പു പിതാ. ന. ആ. കു. വെ.　വെ.
20 7 വ്യാ　ന. ആ. കു. ആ.　റോ.
21 8 വെ　* ന. ക. തിരുവസ്ത്രം (ഒരുനേരം) ന. ആ. കു. വെ.　ച്യ.
22 9 ശ　ന. ആ. കു. ആ.　റോ.
23 10 ഞാ　✠ നോമ്പ് ൩-ാംഞാ. .൭൧ .൭ .൨ ന. കു. ആ.　റോ.
അടുത്ത ചൊവ്വാ കടം.
24 11 തി　ന. ആ. കു. ആ.　റോ.
25 12 ചൊ　✠ എ. ഭാ. ക. മ. മംഗലവാത്ത. ന. കു. വെ.　വെ.
☞ എർണ്ണാകുളത്തു നാല്പതുമണി ആരാധന തുടങ്ങുന്നു,
26 13 ബു　ന. ആ. കു. ആ.　റോ.
27 14 വ്യാ　* മൌ. മല്പാൻ യോഹന്നാൻ ദമ്മ. ന. ആ. കു. വെ.　വെ.
28 15 വെ　* ന. ക. അഞ്ചു തിരുമുറിവുകൾ (ഒരുനേരം) ന. ആ. കു. വെ. ച്യ.
29 16 ശ　ന. ആ. കു. വെ.　റോ.
30 17 ഞാ　⊛ ✠ നോ. ൪-ാംഞാ. .൧൭ .൯ .൧൧　ന. കു. ആ.　റോ.
ഇന്ന നോമ്പിനോടു യോജിക്കാത്ത കിന്നരവാദ്യങ്ങൾ കൊട്ടുവാ
നും ത്രോണോസിന്മേൽ പുഷ്പങ്ങൾ ചാർത്തുവാനും പാടുണ്ട്.
അടുത്തതു് ആദ്യവെള്ളി.
31 18 തി　ന. ആ. കു. ആ.　റോ.



തിരുഹൃദയസ്നേഹിതനായ മാർ യൌസേപ്പേ, ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമെ.

# കർമ്മലകുസുമം.

പുസ്തകം ൨൮.) ൧൯൩൦ മാർച്ച്. (ലക്ക


## വി. യൌസേപ്പിൻകീർത്തനം.


(ശ്രീമാൻ എം. ജോൺ പള്ളിക്കുന്നേൽ.)


ദാദാബായി മട്ട്.

പല്ലവി.

പാലയമാർയൌസേപ്പേ പാലയമാം.

അനുപല്ലവി.

അത്ഥനകേൾക്കണേ കർത്താവിൻ രക്ഷകാ. പാലയ.

ചരണങ്ങൾ.

ദാവീദിൻവംശജാതാ ദിവ്യകന്യകതൻമണാളാ
പാരിടവാസികൾക്കാകവേയാശ്രയ-
മായിപരാപരൻ നൽകിയ മന്നവാ. പാലയ.

ദോഹറ.

ഭൂലോകമഹാർണ്ണവേ കഠിനതരമാം കല്ലോലവൃന്ദങ്ങളിൽ
മാലേറീട്ടുഴലുന്നൊരീതവപദശരണാലംബിയെകൈവിടൊല്ല.
മൃത്യുസമയത്തിങ്കൽ—മർത്ത്യർക്കൊരാശ്വാസമായ്
കർത്താവിൽ സാന്നിദ്ധ്യമുൾത്താർകനിഞ്ഞുകൊ
ണ്ടേത്രയും മോദമോടേകുന്നവല്ലഭാ. പാലയ.

## പ്രസാധകക്കുറിപ്പുകൾ.

### മാർച്ചുമാസം.

"ദൈവം തന്റെ ഭവനാധികാരം നൽകിയ ബുദ്ധിമാനും വിശ്വസ്തനുമായ ദാസൻ" എന്നാകുന്നു മാർ യൌസേപ്പ പിതാവിനെക്കുറിച്ചു വിശുദ്ധലിഖിതത്തിൽ എഴുതിയിരിക്കുന്നതു്. ഭൂമിയിൽ തിരുക്കുടുംബത്തിൻെറമേലുള്ള അധികാരം ഈ വിശുദ്ധനു നൽകപ്പെട്ടതുപോലെതന്നെ സ്വർഗ്ഗരാജ്യത്തിൻെറ ഭണ്ഡാഗാരസൂക്ഷി

ഷ്പകാരനായും ഈ മഹാത്മാവു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. തിരുസഭയുടെ രക്ഷാകർത്തൃത്വം സ്ഥിതിചെയ്യുന്നതും ഈ പിതാവിൽത്തന്നെയത്രെ. സമാധാനപരമായ ഒരു കുടുംബജീവിതം നയിപ്പാൻ ആഗ്രഹിക്കുന്നവർ ഈ പിതാവിൻെറ സങ്കേതം തേടേണ്ടതാകുന്നു. തൊഴിലാളികൾക്കും മുതലാളികൾക്കും ഈ പിതാവുതന്നെയാണു മദ്ധ്യസ്ഥൻ; സംസാരജീവികൾക്കും സന്ന്യാസ അന്തസ്സുകാർക്കും മാർ യൌസേപ്പാകുന്നു മാതൃക. ഇങ്ങനെ ഏതുസ്ഥിതിയിലുള്ളവരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒരു മാസമാണു മാർച്ച്മാസം. അവനവൻെറ സ്ഥിതിക്കനുയോജ്യമായ ഭക്തിബഹുമാനങ്ങളോടുകൂടെ ഈ മാസവണക്കം അനുഷ്ഠിക്കുന്നപക്ഷം ജീവിതവിജയത്തിനും ഒടുവിൽ നന്മരണത്തിനും അതു ഹേതുഭൂതമാകാതിരിക്കയില്ല.

## നോമ്പുകാലം.

മഹാ വന്ദ്യദിവ്യശ്രീ എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഏതൽസംബന്ധമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ഇടയലേഖനത്തിൻെറ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

“സമീപിച്ചിരിക്കുന്ന നോമ്പുകാലത്തെ കഴിയുന്നതും ഫലപ്പെടുത്തുവാൻ ഉത്സാഹിക്കുക. സകല പാപമാലിന്യങ്ങളിൽനിന്നൊഴിഞ്ഞിരിക്കാൻ പ്രത്യേക ഉണർവോടുകൂടെ ഈ നോമ്പുകാലം കഴിച്ചുകൂട്ടുക. ദൈവത്തിൻെറയും അയല്ക്കാരൻെറയും നമ്മുടെ ആത്മശരീരങ്ങളുടെയും നേരെയുള്ള കടങ്ങളിൽ നാം വരുത്തിയിട്ടുള്ള പോരായ്മകളെ തികയ്ക്കുവാൻ അത്യന്തം സ്വീകാര്യമായ ഈ നോമ്പുകാലത്തെ നഷ്ടപ്പെടുത്തരുതെന്നു പ്രത്യേകം ഓർപ്പിക്കുന്നു. അതിനാൽ തക്ക പാപപ്രായശ്ചിത്തം ചെയ്യുന്നതിനും ദൈവത്തോടും മനുഷ്യരോടും എല്ലാവിധത്തിലും പരിപൂർണ്ണമായി രമ്യപ്പെടുന്നതിനും ഇപ്പോഴേതന്നെ അനുതാപത്തോടും എളിമയോടും എല്ലാത്തിലും പരിശുദ്ധ നിയോഗത്തോടുംകൂടെ അപേക്ഷിച്ചുതുടങ്ങുക. ഈശോമ്ശിഹാതന്നെ ഉപവാസദിവസങ്ങളിൽ പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനു തിരുമനസ്സായി. അഹാരേച്ഛയും അധികാരേച്ഛയും ബഹുമാനേച്ഛയും രക്ഷകനെ പിശാചു പ്രേരിപ്പിച്ചു. ആ പരീക്ഷകൾക്കൊക്കെയും രക്ഷകൻ യുക്തിപൂർവ്വമായ സമാധാനം കൊടുത്തുകൊണ്ട് അവയെ ജയിച്ചുവെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതിനാൽ നാമേവരും ദിവ്യരക്ഷകനെ ഉത്തമമാതൃകയായി സ്വീകരിച്ച് നമുക്കുണ്ടാകുന്ന പരീക്ഷകളിൽ ധൈര്യസമേതം പോരാടി വിജയികളാകയും അങ്ങിനെ നിത്യസമ്മാനാർഹമായ യോഗ്യത സമ്പാദിക്കയും ചെയ്യേണ്ടതുണ്ടെന്ന കാര്യവും ഈ അവസരത്തിൽ ഓർപ്പിക്കുന്നു. മാത്രമല്ല, നോമ്പുകാലത്തിൽ ദിവ്യരക്ഷകനീശോമ്ശിഹായുടെ കഷ്ടാനുഭവത്തെയും കുരിശുമരണത്തെയുംകുറിച്ചു നാം ധ്യാനിക്കുകയും ശു. കൂദാശകൾ വഴിയായി അവയുടെ ഫലങ്ങളെ കൂടെക്കൂടെ യോഗ്യതയോടുകൂടി കൈക്കൊള്ളുകയും, പെസഹാ ഉയിർപ്പ് എന്ന തിരുനാളുകൾക്കു വേണ്ട ഒരുക്കങ്ങൾ കൂട്ടുകയും മ്ശിഹായുടെ ഉപദേശത്താലും മാതൃകയാലും നമ്മെ പഠിപ്പിച്ചിട്ടുള്ള എളിമ കീഴ്വഴക്കം പരിശുദ്ധി എന്ന പുണ്യങ്ങളെ നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ടോ എന്നു നമ്മെത്തന്നെ പരിശോധിക്കയും വേണ്ട പ്രതിജ്ഞകൾ ചെയ്യുകയും പ്രത്യേകം വേണ്ടതാണ്.”

# സത്യവിശ്വാസം.

## I. വിശ്വാസത്തിന്റെ ആവശ്യകതയും സ്ഥിരതയും.

(തുടർച്ച)

റവ. ഫാദർ അലക്സാണ്ഡർ സി. ഡി.

൩. സത്യവിശ്വാസത്തിന്റെ ഫലങ്ങൾ പലതാണ്. പ്രധാനപ്പെട്ടവ ഇവിടെ കാണിക്കുന്നു. ൧-ാമത്തു മനുഷ്യൻ അറിയേണ്ടതും അവശ്യം അനുസരണമായി ഇഹത്തിൽ അവന്റെ ജീവിതത്തെ ക്രമപ്പെടുത്തേണ്ടതുമായ സത്യപ്രബോധനങ്ങളെ ഉറപ്പായും തീർച്ചയായും അവനെ പഠിപ്പിക്കുന്നു. മനുഷന്റെ ഉത്ഭവം, ഇഹത്തിൽ അവന്റെ ജീവിതോദ്ദേശ്യം, മാനുഷ അന്ത്യങ്ങളായ മരണം, വിധി, നരകം, മോക്ഷം; പാപം, പാപപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ; പുണ്യം, പുണ്യസമ്പാദ്യത്തിനുള്ള മാർഗ്ഗങ്ങൾ; ദൈവപ്രമാണങ്ങൾ, വിശുദ്ധ കൂദാശകൾ എന്നിവയെപ്പററിയുള്ള പഠനങ്ങളും; ദൈവം, ദൈവികലക്ഷണങ്ങൾ, ദൈവത്തിന്റെ ഏകത്വം, ത്രിത്വം, പുത്രൻതമ്പുരാന്റെ മാനുഷാവതാരം, കഷ്ടാനുഭവം, ഉയിർപ്പ്, കരേററം, ലോകത്തിന്റെ ഒടുക്കത്തെ ദിവസത്തിൽ സകല മനുഷ്യരേയും തന്റെ മുമ്പാകെവരുത്തി നടത്തുന്നപൊതുവിധി ഇത്യാദി സത്യങ്ങളെപ്പററി വിശ്വാസം വഴിയായി മനുഷ്യൻ തെളിവായതും ഉറപ്പുള്ളതുമായ അറിവു സമ്പാദിക്കുന്നു. ദൈവവെളിപാടും സത്യവിശ്വാസവുമില്ലാത്ത മനുഷ്യൻ ഈ വക സത്യങ്ങളെ ഗ്രഹിക്കുന്നില്ല. എന്നാൽ സത്യവിശ്വാസമുള്ളവൻ ദൈവത്തിന്റെ വചനത്തെ സ്തുതിച്ചുകൊണ്ട് രാജർഷീഷ്ദർശിയെപ്പോലെ ഇപ്രകാരം പറയും: "നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കാകുന്നു, എന്റെ വഴിക്കു വെട്ടവുമാകുന്നു" (സങ്കീർത്തനം ൧൧൮. ൧൦൫) ൨-ാമത്: സത്യവിശ്വാസമനുസരിച്ചു ജ്ഞാനസ്നാനം കൈക്കൊള്ളുന്നവൻ കത്തോലിക്കു തിരുസഭയുടെ അംഗവും, ദൈവത്തിന്റെ ദത്തുപുത്രനും, അകാശമോക്ഷത്തിന്റെ അവകാശിയും, റൂഹാദ്ക്കുദ്ശായുടെ ആലയവും, പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹഭാജനവുമായിത്തീരുന്നു. ഇതു വലിയ ഭാഗ്യമായിരിക്കുന്നു. ൩-ാമത് ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ "വിശ്വാസം മാനുഷരക്ഷയുടെ ആരംഭവും, അടിസ്ഥാനവും, സകല ശുദ്ധീകരണത്തിന്റെ മൂലവുമായിരിക്കുന്നു." (Conc. Trid. Soss. 6. cap. 8). വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനോ, അങ്ങേപ്പക്കൽ ഏതെങ്കിലും പുണ്യയോഗ്യത ലഭിക്കുന്നതിനോ സാധിക്കുന്നതല്ല. ഇവയെല്ലാം നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു: "നിങ്ങൾ ലോകമൊക്കെയിലുംപോയി സകല സൃഷ്ടികൾക്കും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിച്ചു ജ്ഞാനസ്നാനപ്പെടുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കോസ് ൧൬. ൧൬.). യാതൊരുത്തൻ ജ്ഞാനത്തിൽ സമ്പാദിച്ച ദൈവേഷ്ടപ്രസാദത്തെ പാപദോഷത്താൽ നഷ്ടമാക്കിയാൽ, കുമ്പസാരമെന്ന കൂദാശകൊണ്ടോ അതിന്നു തരമില്ലാഞ്ഞാൽ ഉത്തമമനസ്താപംകൊണ്ടോ വീണ്ടും സമ്പാദിക്കാതെ രക്ഷപ്രാപിക്കയില്ല.

സത്യവിശ്വാസത്തേക്കുറിച്ചു ഇത്രയും ചുരുക്കമായി പ്രസ്താവിച്ചശേഷം, സത്യവിശ്വാസം ദൈവത്തിന്റെ വലിയ ദാനമാണെന്നുകൂടെയും നാം ഗ്രഹിക്കേണം. നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾ തന്നെ കേട്ടാലും: "എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ പാടില്ല" (യോഹന്നാൻ ൬. ൪൪.) "പിതാവിങ്കൽനിന്നു കേട്ടു പഠിച്ച ഏവ

നും എന്റെ അടുക്കൽ വരുന്നു". (ടി. ൪൪). "ഇതു ഹേതുവായിട്ടത്രെ, പിതാവിനാൽ നൽകപ്പെട്ടിട്ടല്ലാതെ ആരും എന്റെ പക്കൽ വരുവാൻ പാടില്ലായെന്നു ഞാൻ നിങ്ങളോടു പറഞ്ഞതു്" (ടി. ൬൫). എന്നാൽ പാപച്ചേററിൽ മുഴുകി നടക്കുന്ന പാപികൾക്കു് ഈ മഹാദാനം കിട്ടുവാൻ യോഗ്യതയില്ല. എന്തുകൊണ്ടെന്നാൽ "ദുഷ്ടാത്മാവിൽ ബോധജ്ഞാനം പ്രവേശിക്കയില്ല, പാപങ്ങൾക്കു് അധീനപ്പെട്ട ശരീരത്തിൽ അതു് വസിക്കയുമില്ല" (Liber sapientiæ 1.4). ഇവർ ഇപ്പോൾ സത്യവിശ്വാസത്തേയും കത്തോലിക്കാ തിരുസഭയേയും നിന്ദിക്കുന്നു. ഈ അവിശ്വാസികൾ ഓരോ വിധത്തിൽ വാക്കാലും എഴുത്താലും സത്യവിശ്വാസത്തെ ആക്ഷേപിക്കയും ചെയ്യുന്നു. ഇപ്പോൾ ഗോതമ്പും കളയും ഈ ലോകവയലിൽ ഒരുമിച്ചു വളരുവാൻ ദൈവം അനുവദിക്കുന്നു. എന്നാൽ ഒടുവിൽ "ശപിക്കപ്പെട്ടവരെ! നിങ്ങൾ എന്നിൽനിന്നു അകലുവിൻ, പിശാചിന്നും അവന്റെ ദൂതന്മാക്കും ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്തായി ൨൫. ൪൧). എന്നുള്ള വിധിതീർപ്പുണ്ടാകുമ്പോൾ ദുഷ്ടന്മാരായ കളകളെല്ലാം നിത്യനരകത്തിലേക്കു തള്ളപ്പെടും. ഈ വേറുതിരിവുണ്ടാകുന്ന കാലംവരെ നീതിമാന്മാർ ഈ ലോകത്തിൽ അനുസരിക്കേണ്ട നയമെന്താണെന്നു ദൈവം തന്നെ അറിയിച്ചുതന്നിട്ടുണ്ടു്. "എന്നെ പ്രതി നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാതിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചു ആനന്ദിപ്പിൻ" (മത്തായി ൫. ൧൧-൧൨). എന്നാൽ ഇക്കാലത്തു സത്യവിശ്വാസികളെ നിന്ദിക്കയും ആക്ഷേപിക്കയും ചെയ്യുന്നവർ ഒടുക്കത്തെ ദിവസത്തിൽ വിധിയാളന്റെ ഇടത്തുവശത്തേക്കു തള്ളപ്പെടുമ്പോൾ വലത്തുവശത്തു മഹിമപ്രതാപത്തോടെ നിൽക്കുന്ന നീതിമാന്മാരെ നോക്കിക്കൊണ്ടു ഇപ്രകാരം പറയും: "ഞങ്ങൾ ഒരു കാലത്തു നിന്ദിക്കയും ആക്ഷേപിക്കയും ചെയ്തിരുന്നവർ ഇവരാകുന്നു. ഭോഷന്മാരായ ഞങ്ങൾ ഇവരുടെ ജീവിതം ഒരു ഭോഷത്വമെന്നും ഇവരുടെ അവസാനം ബഹുമാനമില്ലാത്തതു എന്നും വിചാരിച്ചിരുന്നു. ഇതാ ഇപ്പോൾ ഇവർ ദൈവമക്കളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്നു. അപ്പഴൊ ഞങ്ങൾ സത്യത്തിന്റെ വഴിയിൽനിന്നു തെററിപ്പോയി; നീതിയുടെ വെട്ടം ഞങ്ങൾക്കു പ്രകാശിച്ചില്ല. ബോധജ്ഞാനത്തിന്റെ സൂര്യൻ ഞങ്ങൾക്കു ഉദിച്ചുമില്ല" (Liber Sapientiæ 5. 3-6).

# നമ്മുടെ കന്യാസ്ത്രീകൾ.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

കുബേരത്വം കൊണ്ടും കുലീനത്വംകൊണ്ടും പ്രഖ്യാതങ്ങളായ കുടുംബങ്ങളിലെ പുത്രിമാർ, ആംഗ്ലേയ ഭാഷയിലും മാതൃഭാഷയിലും സാമാന്യം നല്ല വിദ്യാഭ്യാസം സിദ്ധിച്ചശേഷം അവക്കു ന്യായമായി അനുഭവിക്കാവുന്ന ദാമ്പത്യജീവിത സുഖത്തേയും ഐഹിക സന്തോഷങ്ങളേയും സ്വമനസ്സാലെ കൈവെടിഞ്ഞു കന്യകാമഠത്തിന്റെ മതില്ക്കുള്ളിൽ താമസിച്ചു് ആജീവനാന്തം അസ്വതന്ത്രരായും അജ്ഞാതരായും ജീവിക്കുന്നതു് എന്തുകൊണ്ടാണെന്നു കേരളത്തിലെ അകത്തോലിക്കരെന്നല്ലാ, നമ്മുടെ കത്തോലിക്കാ സമുദായത്തിലുൾപ്പെട്ട അനേകം മാന്യജനങ്ങൾക്കുകൂടെയും ആശ്ചര്യസമന്വിതം ചോദ്യം

ചെയ്യുവരാറുള്ളതു ഒട്ടുംതന്നെ അപൂൎവ്വമല്ലാ. പുഷ്പംപോലെ വികസിച്ചുവരുന്ന യൌവ്വനയുക്തരായ ഈ ബാലികമാർ മഠത്തിൽ ചേരുന്നതു പുണ്യവൎദ്ധനവിനാണെങ്കിൽ, അതു സ്വഭവനത്തിൽ വെച്ചുആയിക്കൂടെയോയെന്നാണുഇക്കൂട്ടരുടെവാദം. ആവാം; പക്ഷേ, തൊണ്ണൂറ് ശതമാനവും പരാജയത്തിൽ കലാശിക്കയെയുള്ളൂ.

കന്യകാമഠത്തിലെ ജീവിതം സൽകൃത്യങ്ങളുടെ സ്ഥിരതയ്ക്കു സഹായകമായിരിക്കയും, തങ്ങളുടെ ശ്രേഷ്ഠോദ്ദേശാനുസരണം ജീവിതം നയിക്കുന്നതിനു പ്രത്യേകാനുകൂല്യങ്ങൾ നൽകുകയും ചെയ്യും. മനുഷ്യപ്രകൃതിയുടെ ദുർബലത നമുക്കേവൎക്കും ഏറക്കുറെ നല്ലവണ്ണം അറിയാവുന്നതാണല്ലൊ. ഭംഗിയായി ആരംഭിച്ചിട്ടുള്ള എത്രയേറെ സൽകൃത്യങ്ങളാണു ഇടയ്ക്കുവെച്ചു നമ്മൾ പരിതാപകരാവസ്ഥയിൽ വിട്ടുപേക്ഷിച്ചിട്ടുള്ളതു. ഏതെങ്കിലും ഒരു പ്രവൃത്തി വിജയോദൎക്കമായി പൎയ്യവസാനിക്കണമെങ്കിൽ സ്ഥിരത എന്ന ഗുണം അപരിത്യാജ്യമാണെന്നുള്ളതു നിസ്തൎക്കം തന്നെ. സന്യാസ ജീവിതം നമ്മുടെ ചഞ്ചലമനസ്സിനു സ്ഥിരത നൽകുകയും, അതു ചെയ്യുന്ന നിശ്ചയങ്ങളെ ദൃഢീകരിക്കയും, അതിൻെറ നിൎവ്വഹണത്തിൽ ശക്തിമത്തായവിധം സഹായിക്കയും ചെയ്യും. ദാരിദ്ര്യം, കന്യാത്വം, ആജ്ഞാനുസരണം എന്നി ത്രിവിധവ്രതം സ്വീകരിച്ചിട്ടുള്ള സന്യാസിനികളിൽ അന്യാദൃശമായി പരിലസിച്ചു കാണുന്ന മനോസമാധാനത്തിൻെറയും സന്തോഷത്തിൻെറയും രഹസ്യവും ഇതുതന്നെയാണു.

ഭൂലോകത്തു ഇന്നു നമ്മൾ കാണുന്ന ദുഷ്കൃത്യങ്ങളെല്ലാം മനുഷ്യനിലുള്ള ദ്രവ്യാശ, മാംസേഛ, സ്വാഭീഷ്ടാനുസരണം പ്രവൎത്തിക്കുന്നതിനുള്ള ആസക്തി എന്നിത്യാദി ദുസ്ചാച്ചില്വകളിൽ നിന്നുൽഭൂതമായിട്ടുള്ളതാണെന്നു നിഷ്പ്രയാസംഗ്രഹിക്കാൻ കഴിയും. ദ്രവ്യാശസ്വയമേവ പാപകരമല്ലാ. എന്നാൽ, ധനലബ്ധിക്കായി ഒരാൾ ദുഷ്കൃത്യം ചെയ്യേണ്ടതായി വരുന്നുവെങ്കിൽ, അതു ആപല്ക്കരവും പാപകാരണവുമായി തീരുന്നു. ഇന്നു ഭൂമുഖത്തു നമ്മൾ പരിശോധനചെയ്യുന്നതായിരുന്നാൽ, പണത്തെ തങ്ങളുടെ ദൈവത്തേപോലെ ആരാധിച്ചുവരുന്നവർ നിരവധിയാണെന്നു അറിയാവുന്നതാണു. പണലാഭത്തിനുവേണ്ടി തങ്ങളുടെ ആത്മാവിനെക്കൂടി സംത്യജിക്കുന്നതിനു തയ്യാറായിരിക്കുന്നവരും ദുർല്ലഭമല്ലാ. ധനശേഖരത്തിനായി എന്തുംചെയ്യുവാൻ അവർ മടിക്കുന്നില്ലാ. ദ്രവ്യാശ കുപ്രസിദ്ധന്മാരായ ചോരന്മാരെ മാത്രമല്ലാ നശിപ്പിക്കുന്നതു. തങ്ങളുടെ പ്രധാന ചിന്തകളും ജീവിതസമ്പ്രദായങ്ങളും ദ്രവ്യത്തിന്മേൽ കേന്ദ്രീഭവിപ്പിക്കയും, തദ്വാരാ, ദൈവത്തോടും സമസൃഷ്ടങ്ങളായ ഇതര സഹോദരങ്ങളോടുമുള്ള കടമയേ കൂസലെന്യേ ലംഘിക്കയും ചെയ്യുന്നവരേയുംകൂടി അതു നാശകൂപത്തിലേയ്ക്കു തള്ളിവിടുന്നു.

ദാരിദ്ര്യവ്രതംമൂലം ആത്മാവിന്മേലുള്ള ദ്രവ്യാശയുടെ ശക്തി ദുർബലപ്പെട്ടുപോകുന്നു. എന്തുകൊണ്ടെന്നാൽ, ദാരിദ്ര്യവ്രതം ആശ്രമശ്രേഷ്ഠയുടെ നിശ്ചയത്തെ ഉല്ലംഘിച്ചു യാതൊന്നും കൈവശം വെയ്ക്കുന്നതിനു അനുവദിക്കുന്നില്ലാ. സമസ്തവും സംപൂൎണ്ണമായി കൈവശമുണ്ടായിരുന്ന ഈശോമിശിഹാ നമുക്കുവേണ്ടി സൎവ്വസ്വവും പരിത്യജിച്ചു ദരിദ്രനായിരുന്നതിനെ അനുസ്മരിച്ചാണു സന്യാസിനികളും പ്രവൎത്തിക്കുന്നതു. ഈശോ ഒരു തൊഴുത്തിൽ ജാതനാകയും തനിയ്ക്കു ഉടമസ്ഥാവകാശം ഇല്ലാതിരുന്ന ഒരു ശവക്കല്ലറയിൽ സംസ്കരിക്കപ്പെടുകയുംചെയ്തു. മഠജീവിതം ക്രീസ്ത്വാനുകരണത്തിന്മേലാണു അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതു. ദാരിദ്ര്യം ഈശോമിശിഹാ തിരഞ്ഞെടുത്തിട്ടുള്ളതാകയാൽ, അതു സംശയംവിനാ അനുഗ്രഹിയ്ക്കപ്പെട്ട ഒന്നായിരിക്കണം. ദ്രവ്യവും ദാരിദ്ര്യവും മിശിഹായ്ക്കു സ്വതന്ത്രമായി കൈവരിയ്ക്കാമെന്നിരുന്നിട്ടും അവിടുന്നു ദരിദ്രനായിരീരുന്നതിനാണു തിരുമനസ്സായതു്. അകയാൽ ക്രീസ്തുവിൻെറമണവാട്ടി, തൻെറ ദാരിദ്ര്യത്തിൽ ഭാഗഭാക്കാകുന്നതിനു ആഗ്രഹിക്കയും ദാരിദ്ര്യവ്രതംമുഖേന തന്നോടൊപ്പം ആയുഷ്കാലം മുഴുവനും ദരിദ്രയായി ജീവിക്കുന്നതിനു മനസ്സാകയും ചെയ്യുന്നു. ദ്രവ്യാശയിൽനിന്നു

ഉവാകുന്ന സകലവിധ ക്രമക്കേടുകളിൽ നിന്നും ഈ ശ്രേഷ്ഠവ്രതം അവരെ സംരക്ഷണം ചെയ്യുന്നു.

ദാമ്പത്യ സുഖം സ്വയമേവ നല്ലതു തന്നെ. ദൈവനിർദ്ദേശാനുസരണം അതു വിവാഹത്താൽ പരിപാവനമാക്കപ്പെടുമ്പോൾ, മനുഷ്യവർഗ്ഗത്തെ ശാശ്വതീകരിക്കുന്നതിന്നായി അവിടത്തെ ഉപകരണമായി തീരുന്നു. എന്നാൽ പണത്തെപോലെ അതും ദുഷ്പ്രയോഗിക്കാവുന്നതും യഥാർത്ഥത്തിൽ വ്യക്തിയുടെയും സമുദായത്തിൻെറയും പരിതാപവിനാശത്തിനു കാരണമായിതീരുന്നതുമാണു. ഇന്നു ഭൂമുഖത്തു കാണുന്ന അസംഖ്യം ദുഷ്കൃത്യങ്ങൾ ഏതദ്വിധമുള്ള വ്യതിക്രമത്തിൽ നിന്നുല്പന്നമായിട്ടുള്ളതാണെന്നു സവ്യഥം പ്രസ്താവിക്കാതെ നിവൃത്തിയില്ല.

കന്യാത്വവ്രതം മൂലം സന്യാസിനികൾ സ്വമനസ്സാലെ ജഡികസുഖങ്ങൾ പരിച്ഛേദം ഉപേക്ഷിക്കുന്നു. ഇതിലും അവർ അവിവാഹിതനായ തങ്ങളുടെ ക്രിസ്തുമണവാളനെ മാതൃകയായി സ്വീകരിക്കയാണു ചെയ്യുന്നതു. തൻെറ മണവാട്ടിയായ കന്യാസ്ത്രീകൾ ഈശോയെ അല്ലാതെ വേറെ ആരേയും സ്നേഹിതനായി വരിക്കുന്നില്ല. കന്യാത്വത്തെ ബഹുകാര്യമായി വിലമതിച്ച മിശിഹായോടുള്ള പ്രേമംനിമിത്തം തനിക്കുവേണ്ടി അതുസധൈര്യം അവലംബിക്കുന്നു. സന്യാസവ്രതങ്ങൾ വഴിയായി കന്യാസ്ത്രീകൾ മിശിഹായുടെ അപ്പസ്തോലന്മാരെപോലെ ദൈവസേവനത്തിനായി തങ്ങളെ തന്നെ പ്രത്യേകവിധത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടു തന്നോടു ഉത്തരോത്തരം സംയോജിക്കുന്നതിനു പരിശ്രമം ചെയ്യുന്നു.

ആജ്ഞാനുസരണം സന്യാസിനികൾ സ്വീകരിക്കുന്ന തൃതീയവ്രതമാണു. സ്വാഭീഷ്ടാനുസരണം പ്രവൎത്തിക്കുന്നതു പ്രമാണമായി സ്വീകരിക നിമിത്തം എത്ര അനേകം ജനങ്ങളാണു വിവിധങ്ങളായ അബദ്ധങ്ങളിൽ ചെന്നുകുടുങ്ങുന്നതു. ദൈവം തിരുമനസ്സാകുന്നതല്ല, അവർ മനസ്സാകുന്നതു നടക്കണം. ഈ ദുർവാശിയിനെ നിയന്ത്രിക്കുന്നതിന്നാണു ആകാശങ്ങളിലിരിക്കുന്ന എന്ന നമസ്കാരത്തിൽ "നിൻെറ തിരുമനസ്സു ആകാശത്തിലെപ്പോലെ ഭൂമിയിലുമാകട്ടെ" എന്നു ചൊല്ലുന്നതിനു നമ്മുടെ കൎത്താവു നമ്മെപഠിപ്പിച്ചിട്ടുള്ളതു. എന്നാൽ, പാപി പറയുന്നതു ഇപ്രകാരമാണു. "എൻെറ മനസ്സു നടക്കട്ടേ." ആജ്ഞാനുസരണമെന്ന വ്രതത്താൽ, ദൈവതിരുമനസ്സു നിവ്വഹിക്കാനായി തങ്ങളുടെ സ്വാഭീഷ്ടത്തെ ബലികഴിച്ചുകൊണ്ടു ആശ്രമശ്രേഷ്ഠയുടെ ഉപദേശാനുസരണം കന്യാസ്ത്രീകൾ പ്രവൎത്തിച്ചുവരുന്നു. ഇതിലും മിശിഹായുടെ ദൃഷ്ടാന്തവും ഉപദേശവുമാണു അവർ പ്രധാനമായി എടുത്തിട്ടുള്ളതു. "ഈശോ മരണംവരെയും, വിശിഷ്യാ ക്രൂശ്മരണംവരെയും അനുസരണയുള്ളവനായിരുന്നു." ഏവംവിധം മിശിഹായേ പൂൎണ്ണമായി അനുകരിക്കുന്നതിനും തന്നെ പൂൎണ്ണമായി സ്നേഹിക്കുന്നതിനും തദൎത്ഥം ഐഹികസുഖങ്ങളെല്ലാം സ്വമനസ്സാവെടിഞ്ഞു മഠത്തിൽ ചേരുന്ന കന്യകകളുടെ പരിത്യാഗങ്ങൾ തങ്ങളുടെ ദിവ്യമണവാളനു എത്രമാത്രം പ്രസാദമേറിയതാണെന്നും, ദുഃഖഭൂയിഷ്ഠമായ ഈലോകവാസം വെടിഞ്ഞശേഷം പാരത്രിക ജീവിതത്തിൽ അവൎക്കുള്ള ബഹുമതി എത്ര മഹത്തരമാണെന്നും സ്വയം വിശദമാണല്ലോ.

# അവിശ്വാസത്തിന്റെ ഫലം.

(ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ.)

1. പേരോർക്കിലും ഹൃദയവേദിതകർക്കുമുഗ്രൻ
ഹേറോദുപണ്ടു ധരണീധവനായിരിക്കെ
ആരോമൽയൂദമലയിൽ "സ്സറിയാ"വിശുദ്ധൻ
താരോടിടഞ്ഞ മിഴി"യേലി"യൊടൊത്തു വാണാൻ.

2. ദൈവപ്രിയം, ദയ തുടങ്ങിയസൽഗുണാളി-
ക്കാവന്ദ്യയുഗ്മ മലർ വാടികളായിരുന്നു;
ധീവൻപുകൂട്ടമവർനീതിവിടാതെ ജീവി—
ച്ചേവർക്കുമിങ്ങുതവിചെയ്തു ദിനങ്ങൾപോക്കി.

3. സമ്പത്തുവേണ്ടതുവധൂരമണർക്കുമുട്ടാ-
തിമ്പത്തൊടേളവനനായകനേകിവന്നു;
തൻപത്തുകല്പനമനുഷ്യഗണത്തിനെന്നും
വൻപൻസദാമടിവെടിഞ്ഞതുളന്നവല്ലോ.

4. ചിർക്കംപ്രിയത്തൊടവർ വാണു,വയസ്സുമായ-
ന്നോർക്കുമ്പൊളേറെ,യൊരുകുട്ടി ജനിച്ചതില്ല!
,,അർക്കം തികച്ചരുളിടാഭവികങ്ങൾ വിശ്വം-
കാർക്കംപരൻ,,പരമതത്വമിതെത്ര കേമം!!

5. ഉൾത്തിങ്ങുമാദരവൊടീശനെയോർത്തുനിത്യം
പ്രാർത്ഥിച്ചുദമ്പതികൾസന്തതിജാതമാകാൻ;
വ്യർത്ഥം!!കെഴും ദുരിതമാററിടുമങ്ങതൊന്നും
ശ്രദ്ധിച്ചമട്ടുചെറുതു ബത!കണ്ടുമില്ല!!

6. അക്കാലമേകദിനമസ്സ്സറിയാമുറസ്സു
ചിൽക്കാതലിൻ ഭവനമാംനബലിക്കൊരുക്കി;
തൽക്കാലമന്തികമണഞ്ഞൊരുദേവദൂതൻ
സൽക്കാലമാം പൊഴുതു നൽശകുനംകണക്കേ.

7. ഭീ,തോഷ,മത്ഭുതമിവണ്ണമവർണ്ണ്യമാകും
ചേതോവികാരനിരപൂണ്ടുകുഴങ്ങിവൃദ്ധൻ.
യാതോരുഭീകരതയുംകലരാതുടൻചൊ-
ന്നേതോസുദിവ്യനിനദത്തിലതുപിമന്ദം:—

8. "ശ്രീമൽ! ഭവാന്റെ മഹിതാർത്ഥനകൊണ്ടുഹൃത്തിൽ
പ്രേമംവളർന്നു സുരലോകപതിക്കുമുററും;
കാമപ്പടിക്കതവജായയിലുത്ഭവിക്കും
കേമൻമകൻ പറക"ജോണി"തിനാമധേയം"

9. കായംതളർന്നുകരളാകെ വിറച്ചുപ്രേത-
പ്രായംനിലച്ചഗുണിവൈദികനുത്തരിച്ചു:—
"പ്രായംകടന്നകിഴവർക്കുളവാകുമെന്നോ!
ശ്രീരഞ്ജിടുംസുത,നിതെന്തൊരുവർത്തമാനം?"

10. മാപാഖചൊല്ലിചെറുതാമരിശത്തൊടേ "നീ
മേലാലിവന്റെ മൊഴിസംഭവമാകുവോളം

മാലാന്റവാഴ്ക്കപരമൂമനതായി, തെല്ലും
ചേലായതില്ലതവസംശയമോർത്തുനോക്കു!”

11. മിന്നൽക്കൊടിപ്പടിയുടൻനിഖിലേശ്വരന്റെ
സന്നൽഭടൻദിവിമറഞ്ഞമലസ്വരൂപൻ;
ഖിന്നത്വമാണ്ടൊരു പുരോഹിതവര്യനംബോ
ന്നന്നമ്റകാന്തികലരും വധുവിന്നടുക്കൽ.

12. ദൂതൻതാനുരചെയ്യുപോൽ സ്ഖറിയ,യന്നാൾതൊട്ടു തൻപുത്രനേ
ചേതസ്സിൽതെളിവോടു കണ്ടതുവരെസ്സംസാരമില്ലാതഹോ!
ആതങ്കത്തൊടുവാണു, ദൈവമഹിമാവേന്തുന്നവക്കുള്ളൊര-
പ്പൂതംവാക്കതിശക്തമാണതിനഹോഭേദംഭവിക്കാലവം.

# ദിവ്യബലി.

(ക. നി. മൂ. സ. ബ. അപ്രേംപട്ടക്കാരൻ.)

നമ്മുടെ കർത്താവിന്റെ ഭൌമിക ജീവിതം നിരന്തരമായ ബലിയായിരുന്നു എന്നു പറയണം. ഈ ബലി തന്റെ മാനുഷാവതാരത്തോടുകൂടെ ആരംഭിച്ചു എന്നു പറയാം. എന്തെന്നാൽ അപ്പോൾ അങ്ങുന്നു ദൈവപുത്രന്റെ നിലയിൽ തന്റേതായിരുന്ന ആ ദിവ്യ മഹത്വത്തെ മറച്ചു ദാസന്റെ വേഷത്തെ സ്വീകരിച്ചു. (പീലി. ൨. ൭) അങ്ങുന്നു മരണത്തോളം ക്രൂശമരണത്തോളം തന്റെ ദിവ്യപിതാവിനു അനുസരണയുള്ളവനായി തന്റെ സ്വാതന്ത്ര്യമനസ്സിനെ പരിത്യജിച്ചു. ഈ ബലി തന്റെ ആയുഷ്കാലം മുഴുവൻ നീളിച്ചു.

അവിടന്നു തന്റെ ലൌകികവസ്തുക്കളെ എല്ലാം ത്യജിച്ചു. അവിടന്നു തന്നെക്കുറിച്ചു പറയുന്നതായ്ക്കു, “നരികൾക്കു കുഴികളും പക്ഷികൾക്കു കൂടുകളും ഉണ്ടു്; എന്നാൽ മാനുഷപുത്രനു തന്റെ തലചായിപ്പാൻ സ്ഥലമില്ല.” (മത്ത. ൮. ൨൦) അങ്ങുന്നു പലപ്പോഴും തന്റെ ശരീരാഹാരം ഉപേക്ഷിച്ചു. ഉദാഹരണമായി ശമറായക്കാരത്തിയോടുള്ള സംഭാഷണാവസരത്തിൽ പറഞ്ഞതായതു്. “എന്റെ ആഹാരം എന്നെ അയച്ചവന്റെ വേല പൂർത്തിയാക്കാൻവേണ്ടി അവന്റെ ഇഷ്ടം പ്രവൃത്തിക്കുന്നതാകുന്നു.” (യോഹ. ൪. ൩൪) ശ്ലൈഹികവേലയാൽ തളർന്നിരുന്നപ്പോൾപോലും മിശിഹാ വിശ്രമം സ്വീകരിച്ചില്ല. അങ്ങുന്നു മലയിൽ കയറി രാത്രിമുഴുവൻ ജപത്തിൽ കാലയാപനംചെയ്തു എന്നു നാം പലപ്പോഴും വായിക്കുന്നുണ്ടു. (ലൂക്കാ ൬. ൧൨)

ഞാൻ എന്റെ സ്തുതി അന്വേഷിക്കുന്നില്ല, എന്നു പറഞ്ഞുകൊണ്ടു, അവിടന്നു സ്വമനസ്സാ തന്റെ സ്തുതിയെ ഉപേക്ഷിച്ചു. (യോഹ. ൮. ൫൦) തസ്കരന്മാരോടു സമനായി വിചാരിക്കപ്പെടുവാനും അവരുടെ മദ്ധ്യേ ക്രൂശിൽ തറയ്ക്കപ്പെടുവാനും സമ്മതിച്ചു. (മർ. ൧൫. ൨൭) കുപ്രസിദ്ധനായ ഒരു പാതകൻ തനിക്കു മുൻവെക്കപ്പെടുന്നതിലും വിസമ്മതിച്ചില്ല. അവസാനമായി ക്രൂശിൽ തനിക്കുണ്ടായിരുന്നതെല്ലാം തന്റെ ജീവൻകൂടെയും പരിത്യജിച്ചു. എന്തെന്നാൽ അങ്ങുന്നുപറഞ്ഞതായ്ക്കു: “ഒരുവൻ തന്റെ സ്നേഹിതനുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിനെക്കാൾ ഏററം വലുതായ

സ്നേഹം ഒരു മനുഷ്യനും ഉണ്ടാകാൻ കഴിയുന്നതല്ല." (യോഹ. ൧൫. ൧൩) "പൂർത്തിയായി" എന്നു അങ്ങേക്കു തന്റെ മരണത്തിനു അല്പം മുമ്പായി സത്യമായി നിലവിളിച്ചറിയിക്കാമായിരുന്നു.

എന്നാൽ പാപപരിഹാരത്തിന്റെ യഥാർത്ഥമായ ബലി തന്റെ കഷ്ടാനുഭവത്തോടുകൂടി ആരംഭിച്ചു. ക്രൂശിൽ അങ്ങുന്നു മരിച്ചതോടുകൂടി അവസാനിക്കയുംചെയ്തു. ക്രൂശിൽ തന്റെ ശരീരത്തെ അങ്ങുന്നു സമർപ്പണത്തിന്നായി കൈയ്യാളിച്ചു. അതു മററുബലികളെപ്പോലെ കൊല്ലപ്പെടുകയും ഭാഗിക്കപ്പെടുകയും തീയാൽ ദഹിപ്പിക്കപ്പെടുകയും ചെയ്തില്ല എന്നതു പരമാർത്ഥമാണ്. എന്നാലും അതു ക്രൂരതരമായി ബാധിക്കപ്പെടുകയും ജീവഹാനി വരുത്തപ്പെടുകയും ചെയ്തു. ക്രൂശിൽ തൂങ്ങിക്കിടക്കയിൽ രക്ഷിതാവിന്, ഞാൻ ഒരു മനുഷ്യനല്ല, ഒരു കിടമാകുന്നു, ഞാൻ വെള്ളംപോലെ ചിന്തപ്പെട്ടു, എന്റെ അസ്ഥികളെല്ലാം ചിതറിക്കപ്പെട്ടു, എന്ന സങ്കീർത്തനക്കാരന്റെ വാക്കുകളെ ധ്വനിപ്പിക്കാമായിരുന്നു. കുലക്കു കൊണ്ടുപോകപ്പെട്ട കുഞ്ഞാടുപോലെ, എന്നു ദീർഘദർശി മ്ശിഹായെ സംബന്ധിച്ചു പറഞ്ഞതു ഈ പരിഹാരബലിയെ സംബന്ധിച്ചായിരുന്നു. സ്നാപക യോഹന്നാൻ മ്ശിഹാ അടുത്തുവരുന്നതുകണ്ടപ്പോൾ നിലവിളിച്ചു പറഞ്ഞതായതു: കണ്ടാലും ദൈവത്തിന്റെ ചെമ്മരിയാട്ടിൻകുട്ടി, കണ്ടാലും ലോകപാപങ്ങളെ വഹിക്കുന്നവൻ! (യോഹ. ൧. ൨൯) "നമ്മുടെ പെസഹായായ മ്ശിഹാ ബലിയായി അർപ്പിക്കപ്പെട്ടിരിക്കുന്നു" എന്നു വി. പൌലോസും പറയുന്നു.

ക്രൂശിലെ മിശിഹായുടെ ബലി സർവ്വമനുഷ്യജാതിയുടെ പാപപരിഹാരാർത്ഥം പ്രാതിപൌരുഷികമായ ബലിയും, ഉപരിസംപൂർണ്ണവിലയുള്ള ബലിയും ആയിരുന്നു.

മിശിഹാ നമുക്കുവേണ്ടി ദുഃഖമനുഭവിച്ചു. "അവൻ നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി മുറിവേല്പിക്കപ്പെട്ടു. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി തകർത്തപ്പെട്ടു" എന്നു ദീർഘദർശി അങ്ങെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതാകുന്നു. (ഏശ. ൫൩. ൫) രണ്ടാമത്തെ ആദവും മനുഷ്യജാതിയുടെ തലയുമായ മിശിഹാ തന്റെ അംഗങ്ങൾക്കുവേണ്ടി കഷ്ടത സഹിച്ചു. നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുത്തു. (യോഹ. ൧൦. ൧൫) പ്രാതിപൌരുഷിക പ്രായശ്ചിത്തം സാധ്യമാകുന്നു എന്നു നാം ദിനംപ്രതിയുള്ള അനുഭവംകൊണ്ടു അറിയുന്നു. വസ്തുക്കൾ മാത്രമല്ല, ബഹുമാനമോ അവമാനമോ സന്താനങ്ങൾക്കു അവകാശമായി വരുന്നു. ഒരു കുടുംബം, മാത്രമല്ല ഒരു ജാതി മുഴുവൻ തങ്ങളുടെ വംശത്തിൽ പിറന്ന ഒരു മഹാനുഭാവനെപ്രതി അഹംഭവിക്കയും, ജാതികൾ പ്രത്യുത, ഒരു ഏക മനുഷ്യന്റെ പാപംകാരണം കഠിനമായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ജന്മപാപം മനുഷ്യകുലത്തിന്റെ അവകാശമായി ഭവിച്ചു. അതേപ്രകാരം ഒരു മനുഷ്യന്റെ യോഗ്യതകളും സർവ്വ മനുഷ്യകുലത്തിന്റെയും അവകാശമായി ഭവിക്കാം. മിശിഹാ സർവ്വമനുഷ്യജാതിയുടെ ജന്മകർമ്മസിദ്ധങ്ങളായ പാപങ്ങളുടെയും പരിഹാരമായിതീർന്നു. വി. യോഹന്നാൻശ്ലീഹാ പറയുന്നതായതു്. അവൻ നമ്മുടെമാത്രമല്ല, സർവ്വലോകത്തിന്റെയുംപാപങ്ങളുടെ പരിഹാരമായി ഭവിച്ചു. (൧ യോഹ. ൨. ൨.) മിശിഹാ യഥാർത്ഥ പെസഹാ കുഞ്ഞാടാകുന്നു. ഇതിന്റെ ബലിസമർപ്പണം ഫറവോന്റെ നുകത്തിൽ നിന്നും ഒരു ജാതിയെ മാത്രമല്ല, സർവ്വ മനുഷ്യജാതിയേയും പിശാചിന്റെ ദാസ്യവൃത്തിയിൽ നിന്നും സംരക്ഷിച്ചു. മിശിഹാ എല്ലാവർക്കും വേണ്ടി മരിച്ചു. എങ്കിലും എല്ലാവർക്കും അങ്ങെ മരണത്തിന്റെ ഉപകാരം ലഭിക്കുന്നില്ല. അങ്ങെ കഷ്ടാനുഭവത്തിന്റെ യോഗ്യത പ്രാപിക്കുന്നവർ മാത്രമെ അതു പ്രാപിക്കുന്നുള്ളു. (ത്രെന്തൊ. സൂനഹ. അ. ൬. ൩.) അങ്ങെ രക്തത്തിന്റെ ഒരു തുള്ളിമാത്രം സർവ്വമനുഷ്യകുലത്തിന്റെയും പാപങ്ങളെ കഴുകിക്കളവാൻ മതിയാകുന്നതാകുന്നു. അങ്ങെ എത്രയും അല്പമായ പ്രവൃത്തി അപരിമിതയോഗ്യതയുള്ളതാകുന്നു. മിശിഹാ ഒരു മനുഷ്യനു സഹിപ്പാൻ കഴിയുന്നതിൽ കൂടുതലായി കഷ്ടം അനുഭവിച്ചു.

താൻ എന്തുമാത്രം നമ്മെ സ്നേ

ഹിക്കുന്നുഎന്നും ദൈവം പാപത്തെ എത്ര വെറുക്കുന്നു എന്നും നമ്മെ അറിയിപ്പാൻവേണ്ടി മിശിഹാ ഇത്ര അധികമായി കഷ്ടത അനുഭവിച്ചു.

മിശിഹായുടെ ഒരു ഏകവചനം ലോകത്തെ വീണ്ടെടുപ്പാൻ സംപൂൎണ്ണമായി മതിയാകുന്നതാകുന്നു. എങ്കിലും ദൈവം മനുഷ്യനെ എത്രമാത്രം സ്നേഹിക്കുന്നു എന്നു അറിയിപ്പാൻ അതു പൎയ്യാപ്തമല്ലായിരുന്നു. നാം ഈശോയുടെ ദിവ്യഹൃദയത്തെ വിശേഷവിധിയായി വണങ്ങുന്നതു അങ്ങേക്കു നമ്മുടെ നേരെയുള്ള അപരിമിതസ്നേഹത്തെപ്രതിയാകുന്നു. ഹൃദയം ശാരീരികജീവന്റെ മദ്ധ്യസ്ഥാനമാകുന്നു. അതിന്റെ ജീവതത്വത്തെ പരിപാലിപ്പാൻവേണ്ടി അതിൽ നിന്നു രക്തം ശരീരത്തിന്റെവിവിധഭാഗങ്ങളിലേക്കു ഒഴുകികൊണ്ടിരിക്കുന്നു. ആത്മശരീരങ്ങൾ തമ്മിൽ അത്യന്ത സംബന്ധമുണ്ടായിരിക്കകൊണ്ടു, ഹൃദയം ആത്മികജീവന്റെയും കേന്ദ്രസ്ഥാനമായിപറയപ്പെടുന്നു. അതിൽനിന്നുസൽവിചാരങ്ങളും പക്ഷങ്ങളും ഉത്ഭവിക്കുന്നു എന്നു വിചാരിക്കപ്പെടുന്നു. തൻമൂലം എന്റെ ഹൃദയം സന്തോഷിക്കുന്നു, എന്റെ ഹൃദയം ദുഃഖിക്കുന്നു എന്നിങ്ങനെ നാം പറയുന്നു. വിശിഷ്യാഹൃദയം സ്നേഹത്തിന്റെ സ്ഥാനമായും അടയാളമായും കൂടെ വിശ്വസിക്കപ്പെടുന്നു. നാം അങ്ങയുടെതിരുഹൃദയത്തെ ആരാധിക്കുമ്പോൾ അങ്ങേക്കു മനുഷ്യരുടെ നേൎക്കുള്ള അത്യന്ത സ്നേഹത്തെ നാം ഓൎക്കും സ്നേഹത്തിനു പകരം സ്നേഹം കാണിപ്പാൻ നാം നിൎബന്ധിക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ കൎത്താവു ഇത്ര അധികം ദുഃഖം അനുഭവിക്കുന്നതിനുള്ള വേറൊരു കാരണം കഷ്ടാനുഭവത്തിൽ അങ്ങുന്ന് നമുക്കു ഒരു മാതൃക ആകാൻ കൂടെയും ആകുന്നു. മിശിഹാ നമുക്കുവേണ്ടി കഷ്ടത അനുഭവിച്ചു ഒരു മാതൃകയെ നമുക്കു വച്ചു.(൧. പത്രോ. ൨. ൨൧.). ഞാൻ നിങ്ങൾക്കു ഒരു മാതൃകയെ തന്നു എന്നു അങ്ങുന്നു തന്നെ പറഞ്ഞിരിക്കുന്നു. (യോഹ. ൧൩. ൧൫.)

# റഷ്യയിലെ മതപീഡനം.

(റവ. ഫാദർ തോമസ്സ് കളം, കാവാലം.)

യൂറോപ്പിന്റെ കിഴക്കുഭാഗത്തു അതിവിസ്തൃതമായികിടക്കുന്ന റഷ്യയുടെ നാനാഭാഗത്തു വിശിഷ്യാ അതിലെ മുഖ്യ പട്ടണമായ മൊസ്കോയിൽ Antisoviot സംഘത്തിനു പ്രതിഷേധമായി വേണ്ട നടപടികൾ ചെയ്യുന്നതിനു കൎഷകന്മാരെ പ്രോത്സാഹിപ്പിച്ചു യോഗങ്ങൾ നടത്തി കത്തോലിക്കരെ ഉൎജ്ജസ്വലന്മാരാക്കുന്നു എന്നുള്ള അടിസ്ഥാനരഹിതമായ കുറ്റാരോപണത്തെ കാഡർപാസ്, വീനൊഗ്രാഡൊ എന്ന വൈദികശിരോമണികളുടെ മേൽ ആരോപിച്ചുകൊണ്ടു കോന്നെയിലെ അധികൃതന്മാരുടെ കഠിനമായ ആജ്ഞാനുസരണം ലെനിൽഗ്രഡ് എന്ന സ്ഥലത്തുവച്ചു നിൎദാക്ഷിണ്യമായി വെടിവച്ചു കൊല്ലപ്പെട്ടു. ഈശ്വരവിചാരവിഹീനരും ദുർവൃത്തന്മാരും സദാചാരനിരതത്വം, പരോപകാരതല്പരത എന്നിവിശിഷ്ട ഗുണങ്ങളുടെ മണവും ഗുണവുമില്ലാത്ത ആളുകൾ ഈ സംഭവംകൊണ്ടു തൃപ്തിയടയാഞ്ഞിട്ടു കഴിഞ്ഞ രണ്ടു മാസക്കാലംകൊണ്ടും ബലാൽക്കാരമായി 340 പള്ളികളേയും 65 പ്രാൎത്ഥനാലയങ്ങളും അടച്ചുപൂട്ടീട്ടു വിദേശങ്ങളിൽ നിന്നു വി. ലിഖിതത്തിന്റെ പ്രതികളെ ഈ രാജ്യത്തേക്കു ഇറക്കുമതിചെ

യ്യാതിരിക്കത്തക്ക വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു കമ്മ്യൂണിസ്റ്റ്കാർ ഗവമ്മെണ്ടിനോടു അവശ്യപ്പെട്ടുകൂടെയും ചെയ്തിരിക്കുന്നു. നാടെങ്ങും പ്രചുരപ്രചാരത്തിലിരിക്കുന്ന പരിശുദ്ധകത്തോലിക്കാമതത്തേയും അതിന്റെ പ്രവാഹത്തേയും തടയുന്നതിനു അശ്രാന്തപരിശ്രമം ചെയ്യുന്നതാണെന്നു വാഗ്ദാനവും ചെയ്തുകഴിഞ്ഞു. ഇവരുടെ പ്രേരണയാൽ ഇതരമതസ്ഥന്മാരുടെയും ഭിന്നവകുപ്പുകാരുടെയും സംഘങ്ങളും ഉപസംഘങ്ങളും ഏകോപിച്ചു കൊണ്ടു ബാക്കി ശേഷിച്ചിരിക്കുന്ന പള്ളികളേയും ദൈവസ്തോത്ര ആശ്രമങ്ങളേയുംകൂടെ അടക്കുന്നതിനും അടുത്ത അഞ്ചുവർഷക്കാലത്തേക്കു യാതൊരു ദേവാലയമോ ദൈവികസ്ഥാപനമോ പുതിയതായി പണുതുകൂടാ എന്നുള്ള കല്പന കൊടുക്കുന്നതിനായി ഏകസ്വരത്തിൽ അവർ വീണ്ടും ഗവമ്മെണ്ടിനോടു അപേക്ഷിച്ചിരിക്കുന്നു. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു ജനങ്ങളിൽ നിന്നു മതവിശ്വാസവും മതാനുഷ്ഠാനക്രമവും നശിച്ചു കാലാന്തരത്തിൽ മതംപോലും നാമാവശേഷമായി തീരുമെന്നു അവർ സുദൃഢമായി ശരണപ്പെടുന്നു. ഈ സമരം ശക്തിയോടും യുക്തിയോടും വേണ്ടിവന്നാൽ വ്യക്തിപരമായും നിരന്തരമായി നടത്തുന്നതിനു പതിനായിരം പേരടങ്ങിയ ഒരു വമ്പിച്ച സംഘത്തെ രൂപീകരിച്ചുകൊണ്ടു കത്തോലിക്കാമതത്തിനു വിരോധമായി നാനാപ്രകാരേണയുള്ള നാശങ്ങളും മോശങ്ങളും വരുത്തുന്നതിനു അവർ ഒരു പ്രമേയം പാസാക്കിയിരിക്കുന്നു. സത്യവിശ്വാസത്തെപ്രതി അനിർവചനീയമായ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നവരുടെ വിജയത്തിനായി ദേഹംകൊണ്ടും, ദേഹികൊണ്ടും സഹായിക്കേണ്ടതു ഒരു യഥാർത്ഥ കത്തോലിക്കന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയല്ലയോ?

# ക്രിസ്തുവിന്റെ കുരിശുമരണം.

(ജോൺ മാണിക്കനാംപറമ്പിൽ.)

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായിരിക്കുന്ന ക്രിസ്തുവിന്റെ കുരിശുമരണവും ഉയിർപ്പും അസംഭവ്യമെന്നു തെളിയിച്ചു ക്രിസ്തുമതത്തെ അവഹേളിക്കുവാൻ പല അവിശ്വാസികളും പല കാലങ്ങളിലും പലവിധത്തിലും പരിശ്രമിച്ചിട്ടുണ്ട്. അവരിൽ പാവ്ലൂസു (Paulus) ഡാം (Damm) എന്നീ പണ്ഡിതന്മാർ തങ്ങളുടെ പ്രസ്താവനകളെ പ്രബലപ്പെടുത്തുവാൻ ചില ന്യായങ്ങളും തേടിപ്പിടിച്ചിരുന്നു. വൈദ്യശാസ്ത്രം അഭിവൃദ്ധിപ്പെട്ടതോടെ ആ ശാസ്ത്രത്തിന്റെ തണലിൽ നിന്നുകൊണ്ടു ക്രിസ്തു കുരിശിൽ തൂങ്ങി മരിച്ചിട്ടില്ലെന്നും പ്രത്യുത താൻ ഒരു മൂർഛ (Asphyxia) സ്ഥിതിയിലോ മോഹാലസ്യ (Trance)വസ്ഥയിലോ ആയിരിക്കയിലാണ് തന്നെ കുരിശിൽ നിന്നും താഴെ ഇറക്കിയതെന്നും അവർ വാദിച്ചു. തങ്ങളുടെ ഈ അഭിപ്രായം ആദരണീയമെന്നു കാണിപ്പാൻ അവർ കൊണ്ടുവന്ന ന്യായങ്ങളേയും അന്യായങ്ങളെ അതേ ശാസ്ത്രാനുസരണം തന്നെ നിർദ്ദാക്ഷിണ്യബുദ്ധികളായ ചില പണ്ഡിതന്മാർ യുക്തിയുക്തം ഖണ്ഡിച്ചിട്ടുള്ളതിനേയും ചുരുക്കമായി വിവരിക്കാനാണ് ശ്രമിക്കുന്നത്.

കുരിശിൽ തൂക്കപ്പെട്ട മനുഷ്യർ ഒമ്പതു ദിവസംവരെയും ജീവനോടെ കുരിശിൽ തൂങ്ങിക്കിടന്നിരുന്നുവെന്നു ജോസേ

ഫ്സ (Josephus) മുതലായ പുരാതന ചരിത്രകാരന്മാർ സാക്ഷിക്കുന്നുണ്ടെന്നും, ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ട തസ്കരന്മാർ അന്നു സായാഹ്നശേഷവും സജീവരായിരുന്നുയെന്നും, മിശിഹാ മരിച്ചെന്നുള്ള വാർത്ത ശതാധിപൻ നേരിട്ടറിയിക്കുന്നതുവരെ പീലാത്തോസു വിശ്വസിച്ചിരുന്നില്ലെന്നുമാണ് പ്രഥമമായി ഇവർ പ്രസ്താപിക്കുന്നത്. കായക്ലേശവും, മനോവ്യഥയും, രക്തനഷ്ടവും ക്രിസ്തുവിനെ മോഹാത്സ്യപ്പെടുത്തിയെന്നും, ആ അവസ്ഥയിൽ അദ്ദേഹം തന്റെ സ്നേഹിതന്മാരുടെ പക്കൽ ഏല്പിക്കപ്പെട്ടെന്നും, അവർ അദ്ദേഹത്തിന്റെ വ്രണങ്ങൾ സുഗന്ധദ്രവ്യങ്ങൾ മുതലായ മരുന്നുകളുപയോഗിച്ചു സുഖപ്പെടുത്തുകയും വിശ്രമാർത്ഥം ഭദ്രമായ ഒരു കല്ലറയിൽ അദ്ദേഹത്തെ സൂക്ഷിക്കയും ചെയ്തുയെന്നും, മോഹാലസ്യസ്ഥിതി വിട്ടശേഷം ക്രിസ്തു സ്നേഹിതന്മാരുടെ പക്കലേക്കു പിന്തിരിഞ്ഞെന്നും ഇവർ സമർത്ഥിക്കുന്നു. തന്റെ പരമശത്രുക്കളുടെ പ്രത്യേക സൂക്ഷത്തിൽ നിന്നും ക്രിസ്തുഎങ്ങിനെ രക്ഷപെട്ടുയെന്നുള്ള ചോദ്യത്തിനും ഇവർ ഒരു സമാധാനം കണ്ടുപിടിച്ചിട്ടുണ്ട്. ലിസ്റ്റ്റായിൽ വച്ചു കല്ലെറിഞ്ഞു കൊല്ലപ്പെട്ടതായി കരുതിയിരുന്ന വി. പൌലോസും അമ്പെയ്തു കൊല്ലപ്പെട്ടതായി ഗണിക്കപ്പെട്ടിരുന്ന വി. സെബസ്ത്യാനോസും രക്ഷപെട്ട വിധംതന്നെ ക്രിസ്തുവും ശത്രുദൃഷ്ടിയിൽ നിന്നും രക്ഷപെട്ടുവത്രെ. ക്രിസ്തുവിന്റെ ഹൃദയം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടുയെന്നതു കേവലം അതിശയോക്തിപരമായ ഒരു പ്രസ്താവനയാണെന്നും, 'കുത്തിത്തുറക്കുക' (Pierce) എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്കു വാക്കിനു 'പോറുക' 'കുത്തുക' (Prick) എന്ന അർത്ഥമെയുള്ളുയെന്നും ഇവർ വാദിക്കുന്നു. ഈവിധമായ ഇവരുടെ അഭിപ്രായമനുസരിച്ചു ക്രിസ്തുവിന്റെ കഷ്ടാനുഭവ ചരിത്രത്തിൽഅദ്ദേഹത്തിനു മരണഹേതുകമായി യാതൊന്നും സംഭവിച്ചിട്ടില്ലെന്നു പ്രത്യക്ഷപ്പെടാവുന്നതാണ്.

ഇവരുടെ ഈ വാദത്തിൽ അടങ്ങിയിട്ടുള്ള അബദ്ധങ്ങളെ ചൂണ്ടിക്കാണിക്കയെന്നതു വേദശാസ്ത്രമനുസരിച്ചു തൽപണ്ഡിതന്മാൎക്കു നിഷ്പ്രയാസം സാധിക്കാവുന്നതാണെങ്കിലും ഏതൊരു ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി ഇവർ ഈ വാദം പുറപ്പെടുവിക്കുന്നുവോ അതേ ശാസ്ത്രസിദ്ധാന്തമനുസരിച്ചു അതിനെ ഖണ്ഡിക്കുന്നതാണല്ലൊ. ഏറ്റവും ഉത്തമമായ മാൎഗ്ഗം. സ്ക്രച്ച്സർ (Scheuchzer) മീഡ് (Mead) ബർത്തോളിനുസു (Bartholinus) വോഗ്ലർ (Vogler) ട്രില്ലർ (Triller) റിക്ടർ (Richter) എസ്സൻബാച്ച് (Eschenbach എന്നിവർ ഈ വാദം പുറപ്പെടുന്നതിനു മുമ്പായിത്തന്നെ മിശിഹായുടെ കഷ്ടാനുഭവങ്ങളേയും മരണത്തെയുംജീവപ്രകൃതിശാസ്ത്ര (Physiology) മനുസരിച്ചു സൂക്ഷ്മമായി നിരീക്ഷണം ചെയ്തിട്ടുള്ളവരാണ്. അതിനുശേഷമാണ് ശാസ്ത്രജ്ഞനായ ചാൾസ് ഗ്രണരും (Charles Gruner) അയാളുടെപുത്രനായക്രിസ്ത്യഗ്രണരും (Christian Gruner) ഈ വിഷയം ശാസ്ത്രീയമായും കൂലങ്കഷമായും പരിശോധിച്ചിട്ടുള്ളത്. എന്നാൽ പണ്ഡിത പ്രമുഖരായ ഈ മഹാന്മാരുടെ അഭിപ്രായ സാരങ്ങൾ ഇക്കാൎയ്യത്തിൽ വിഭിന്നങ്ങളായി കാണപ്പെടുന്നില്ലാ.

ഈ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ചു ക്രൂശിക്കപ്പെട്ടിട്ടുള്ള ശരീരത്തിന്റെ നിലയും പുറമേയുള്ള വ്രണങ്ങളുടെ വേദനയേയുംകാൾ ഏററം ഭയങ്കരമായിട്ടുള്ളതു ആ സ്ഥിതിയിൽ ചോരയോട്ടത്തിനും ജീവിതത്തിനും ആവശ്യമായ ശരീരത്തിലെ മററു വ്യാപാരങ്ങൾക്കും നേരിടുന്ന വിഘാതങ്ങളാണ്. ശരീരത്തിന്റെ ഈ നില മൂലനാഡിക്കു ഭാരം നൽകുകയാൽ രക്തത്തിന്റെ സ്വച്ഛന്ദവിഹാരം തടയപ്പെടുന്നുയെന്നും, ഹൃദയത്തിന്റെ ഇടത്തെ കീഴറയിൽ നിന്നും വരുന്ന രക്തം സ്വീകരിപ്പാൻ മൂലനാഡി അശക്തയായിത്തീരുകയാൽ ശ്വാസകോശത്തിൽ നിന്നുള്ള രക്തത്തിന്റെ വരവു പ്രതിരോധിക്കപ്പെടുന്നുയെന്നും, ഈ അവസ്ഥയിൽ ഹൃദയത്തിന്റെ വലത്തെ കീഴറയിൽ രക്തം കെട്ടി നില്ക്കുന്നതിനിടയാകുന്നതിനാലുണ്ടാകുന്ന വേദന ഏതു വേദനയേയുംകാൾ എന്നല്ലാ മരണത്തേക്കാൾ ഭയങ്കരമാകുന്നുയെന്നും റി

ക്ടർ അഭിപ്രായപ്പെടുന്നു. ഈ വിധവേദനകൾ പാറാവിൽ നിന്നും ക്രൂശിക്കപ്പെടേണ്ട സമയത്തുമാത്രം പുറത്തുകൊണ്ടുവരപ്പെട്ട ദൃഢഗാത്രരായ തസ്കരന്മാരും അവരുടേതിൽ നിന്നും വ്യത്യസ്തമായ ശരീരപ്രകൃതിയും സ്വഭാവപ്രകൃതിയുമുള്ള ക്രിസ്തുവും ഒരേവിധത്തിൽ സഹിച്ചുവെന്നു വിശ്വസിപ്പാൻ ചാൾസ്ഗ്രഹണർ യാതൊരു ന്യായവും കാണുന്നില്ലാ. ക്രിസ്തു ക്രൂശിക്കപ്പെട്ടതിന്റെ തലേ രാത്രി മുഴുവൻ അനുഭവിച്ച ദേഹോപദ്രവങ്ങളും നിന്ദാപമാനങ്ങളും അസംഖ്യങ്ങളും അവൎണ്ണനീയവുമാകുന്നു. മാനസികമായും ശാരീരികമായും വിവിധവേദനകൾ അനുഭവിച്ചിരുന്ന ക്രിസ്തു സാധാരണ കുററക്കാർ നിഷ്പ്രയാസം വഹിച്ചുകൊണ്ടുപോയിരുന്ന കുരിശുപോലും വഹിപ്പാൻ ശക്തിയില്ലാതെ പലപ്രാവശ്യം നിലത്തു കവിഴ്ന്നുവീഴുന്നു. ഇപ്രകാരം പരവശനായ ക്രിസ്തുവിനു അധികസമയം സജീവനായി കുരിശിൽ തൂങ്ങിക്കിടപ്പാൻ സാധിക്കുന്നതല്ലെന്നാണു് ഈ പണ്ഡിതശ്രേഷ്ഠന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു്. നിലത്തുനിന്നും അധികം ഉയൎന്നിട്ടില്ലാത്ത ഒരു കുരിശിൽ നിസ്സഹായനായി തൂങ്ങിക്കിടന്ന ക്രിസ്തുവിന്റെ ഇടത്തുഭാഗത്തിൽ വിലങ്ങനെ മുകളിലേക്കു ശക്തനായ ഒരു റോമൻ പടയാളി നീളം കുറഞ്ഞ ഒരു കുന്തംകൊണ്ടു കുത്തിയെങ്കിൽ ആയതു എങ്ങിനെ മരണകരമാകാതിരിക്കുമെന്നാണു് ഗ്രുണർ സഗൌരവം ചോദിക്കുന്നതു്. ലോങ്കിനോസിന്റെ കുന്തപ്രയോഗം ക്രിസ്തുവിന്റെ ഹൃദയത്തിൽ നിന്നും രക്തജലങ്ങൾ പ്രവഹിപ്പിച്ചതിനാൽ അതുവരെ ക്രിസ്തു മരിച്ചിട്ടില്ലായിരുന്നുവെന്നും, ഹൃദയഭാഗങ്ങളിൽ രക്തം കെട്ടിനില്ക്കയാൽ ആസന്നമായ മോഹാത്സ്യത്തിന്റെ ചിഹ്നമായിട്ടാണു് ക്രൂസ്തു ഉച്ചത്തിൽ നിലവിളിച്ചതെന്നും അദ്ദേഹം വിശ്വസിക്കുന്നു. രക്തജലങ്ങൾ പ്രവഹിച്ച വ്രണം ഹൃദയത്തിലായിരിക്കണമെന്നും ആയതിനാൽ അതു മരണകരമാകാതെ നിവൃത്തിയില്ലെന്നുമാണു് അദ്ദേഹം വാദിക്കുന്നതു്. മോഹാത്സ്യപ്പെട്ടുകിടക്കുന്ന ഒരുവനിൽ ഏതുവിധമുള്ള രക്തസിരാഭേദനം സംഭവിച്ചാലും ആയതു മരണകരമാണെന്നും ക്രിസ്തു മോഹാത്സ്യപ്പെട്ടു കിടക്കുക മാത്രമായിരുന്നാൽ തന്നെയും ലൊങ്കിനോസിന്റെ കുന്തംകൊണ്ടുള്ള കുത്തു തീർച്ചയായും ക്രിസ്തുവിനെ മൃതിപ്പെടുത്തിയിരിക്കണമെന്നും ക്രിസ്റ്റ്യൻഗ്രുണർ യുക്തിപൂൎവ്വം സമൎത്ഥിക്കുന്നു. മാത്രമല്ലാ മോഹാത്സ്യപ്പെട്ടു കിടക്കുന്ന ഒരുവന്റെ വ്രണങ്ങൾ സുഖപ്പെടുത്തുവാൻ സുഗന്ധദ്രവ്യങ്ങളോ മററു ലേപനങ്ങളോ ഉപയോഗിക്കുന്നതും ശ്വാസം തടയുവാൻ ഇടയുള്ള കല്ലറയിൽ അവനെ സൂക്ഷിക്കുന്നതും അവനെ എന്നല്ലാ, മരണപ്രമാദത്തിലിരിക്കുന്ന ഏതൊരുവനേയും യഥാൎത്ഥത്തിൽ മൃതിപ്പെടുത്തുമെന്നും അദ്ദേഹം വാദിക്കുന്നു. ക്രൂശിക്കപ്പെട്ട ഒരുവന്റെ ശരീരത്തിലെ വ്രണങ്ങളും വേദനകളും രക്തനഷ്ടത്താലുള്ള മോഹാത്സ്യത്തിന്റെ ബലഹീനതയും മാറി അവനു സുഖവും ആരോഗ്യവും ലഭിപ്പാൻ മൂന്നു ദിവസം ഒരിക്കലും മതിയാവുന്നതല്ലെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. ഏതു ശാസ്ത്രവും എത്രമേൽ അഭിവൃദ്ധിപ്പെട്ടാലും ആയതു് ക്രിസ്തുമതസത്യങ്ങളെ സ്ഥിരീകരിക്കുവാനല്ലാതെ വ്യതിചലിപ്പിക്കുവാൻ പൎയ്യാപ്തമാകയില്ലെന്നു പണ്ഡിതലോകത്തിലെ ഈവക ശാസ്ത്രീയ വാദങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാം.

# മാനസാന്തരങ്ങളും മതാഭിവൃദ്ധിയും.

(മേരിദാസ്.)

കത്തോലിക്കലോകത്തിന്റെ നാനാഭാഗങ്ങളിലും സാരമായ അഭിവൃദ്ധി കാണിക്കുന്നതിനു ഇക്കഴിഞ്ഞ സംവത്സരത്തിനും സാധിച്ചിട്ടുണ്ടെന്നുള്ളത് വളരെ സന്തോഷാവഹമാണ്. കത്തോലിക്കമതത്തിന്റെ അഭിവൃദ്ധിരണ്ടുവിധത്തിൽ കണക്കാക്കാവുന്നതാണ്. ഒന്ന് ആ മതത്തിന്റെ തത്വങ്ങൾക്കും ആശയങ്ങൾക്കും ഉണ്ടാകുന്ന അഭിവൃദ്ധി, മറേറത് അതിലെഅംഗങ്ങളുടെ സംഖ്യയിലും പുരോഗമനത്തിലും ഉണ്ടാകുന്ന അഭിവൃദ്ധി. ഈ രണ്ടു സംഗതികളിലും ൧൯൨൯-ാംവർഷം സ്മരണീയമായിരിക്കുന്നു. 1929-ലെക്കുള്ള മാനസാന്തരങ്ങളുടെ കണക്ക് പ്രസിദ്ധീകൃതമായിട്ടില്ലെങ്കിലും അതു ൧൯൨൮-നെ അപേക്ഷിച്ച് വളരെ മികച്ചുനില്ക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. ൧൯൨൮-ൽ ഇംഗ്ലണ്ടിലും വെയിൽസിലും കൂടി 12372 ആളുകൾ കത്തോലിക്കമതം സ്വീകരിക്കയുണ്ടായി. മുന്നാണ്ടത്തേതിനെക്കാൾ നൂറു കൂടുതലായിട്ടാണു ഈ സംഖ്യയെന്നു ഓർമ്മിക്കേണ്ടതുണ്ട്. പള്ളികളുടെ സ്ഥാപനം സംബന്ധിച്ചും കൂദാശകളുടെ സ്വീകരണം സംബന്ധിച്ചും വൈദികന്മാരുടെ അഭിഷേചനംസംബന്ധിച്ചും കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം സംബന്ധിച്ചും എല്ലായിടത്തും അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിലെയും വെയിത്സിലെയും കത്തോലിക്ക ജനസംഖ്യ 1928-ലേക്കു 2,156,146-ം 1929-ലേക്കു 2,174,673-ം ആയിക്കാണുന്നു. വൈദികരുടെ സംഖ്യ 39 കൂടി 1929-ൽ 4349 ആയിട്ടുണ്ട്. ഇവരിൽ 2759 ഇടവക വൈദികരാണ്. പള്ളികളുടെയും കപ്പേളകളുടെയും സംഖ്യ 2205. ഇതിൽ 22 കഴിഞ്ഞകൊല്ലത്തിൽ സ്ഥാപിക്കപ്പെട്ടു. കത്തോലിക്കവിദ്യാർത്ഥികളുടെ സംഖ്യയും സാരമായി വർദ്ധിച്ച് നാലുലക്ഷത്തോളമായിരിക്കുന്നു. അധുനികകാലത്തു, ദാമ്പത്യജീവിതത്തിന്റെ ചുമതലകൾ വഹിക്കുന്നതിനു യുവജനങ്ങളുടെയിടയിൽ സാധാരണമായിത്തീർന്നിരിക്കുന്ന വൈമുഖ്യം ഇംഗ്ലണ്ടിലെ കത്തോലിക്ക യുവജനങ്ങളെ ബാധിച്ചിട്ടില്ലെന്നു വിവാഹങ്ങളുടെ കണക്കു കാണിക്കുന്നു. ൧൯൨൮-ൽ 220×9 വിവാഹങ്ങളും 29-ൽ 24500 വിവാഹങ്ങളും നടന്നു. ജ്ഞാനസ്നാനം യഥാക്രമം 65,176-ം 66,347-ം ആയിരുന്നു. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ കത്തോലിക്കരുടെ സംഖ്യ 20,212,758 ആണ്. ഇതിൽ 43,709 ഒരു കൊല്ലത്തെ വർദ്ധനവാണ്. കഴിഞ്ഞ കൊല്ലത്തിൽ കത്തോലിക്കമതം സ്വീകരിച്ച അകത്തോലിക്ക ക്രിസ്ത്യാനികളുടെ സംഖ്യ 35,379 ആണ്. കഴിഞ്ഞ കൊല്ലത്തേതിൽ 2385 ഈ ഇനത്തിൽ കൂടിയിട്ടുണ്ട്. ഐക്യസംസ്ഥാനങ്ങളിൽ 17 മെത്രാപ്പോലീത്താമാരും 104 മെത്രാന്മാരും 18370 ഇടവകപ്പട്ടക്കാരുമുണ്ട്. സന്ന്യാസസഭാംഗങ്ങളായി 7983 ആളുകൾ ഉണ്ട്. സെമിനാരികൾ 736-ം അവയിൽ അഭ്യസിക്കുന്നവർ 14,686-ം ആണ്. അമേരിക്കൻ കത്തോലിക്കർ സംഖ്യയിൽ എന്നവണ്ണം മതതീഷ്ണതയിലും വർദ്ധിച്ചുവരികയാണ്. അമേരിക്കൻ കത്തോലിക്കരെ ദേവാലയങ്ങളിലേക്കാകർഷിക്കുവാൻ സിനിമാപ്രദർശനങ്ങളും മറ്റും ആവശ്യമായിത്തീർന്നിട്ടില്ലാത്തതിതുകൊണ്ടാണ്. ഗവൺമെണ്ടു സർവീസിലുള്ളവരും സ്വകാര്യജീവിതം നയിക്കുന്നവരും ഇക്കാര്യത്തിൽ ഒരുപോലെയാണ്. ന്യൂയോർക്കിലെ സെന്റു പാട്രിക്ക് ഭദ്രാലയത്തിൽ അയ്യായിരം പോലീസുകാർ അണിനിരന്ന് ഒരു

ദിവസം വി. കുർബാന കൈക്കൊണ്ടകാഴ്ച സന്ദർശകനായ ഒരു ഇംഗ്ലീഷ് കത്തോലിക്കവൈദികനു വിസ്മയത്തെ ജനിപ്പിച്ചു എന്നു അദ്ദേഹം എഴുതുകയുണ്ടായി. ചില ദേവാലയങ്ങളിൽ 'നൊവേന' മുതലായ ജപങ്ങൾ ആൾക്കൂട്ടത്തിന്റെ ആധിക്യംകൊണ്ട് ഒരു ദിവസത്തിൽ പല പ്രാവശ്യം നടത്തേണ്ടിവരുന്നുണ്ട്. ഫിലഡെൽഫിയായിലെ ഒരു പള്ളിയിൽ വി. ഫ്റാൻസിസിന്റെ സ്തുതിക്കായി നടത്തിയ നൊവേന ദിവസത്തിൽ പതിനാറുപ്രാവശ്യം ആവർത്തിക്കേണ്ടിവന്നതായും അതിൽ സംബന്ധിച്ച ഭക്തന്മാരുടെ സംഖ്യ ശരാശരി ഇരുപതിനായിരമാണെന്നും കാണുന്നു. അമേരിക്കയിൽ കത്തോലിക്കരുടെവക ഏഴായിരം ഇടവകസ്കൂളുകളും പലതരത്തിലായി ആയിരത്തിൽപ്പരം കോളജ്കളും ഉണ്ട്. ജെസ്വിറ്റ് വൈദികർ നടത്തിവരുന്ന ഫോർഡാം സർവ്വകലാശാലയിൽത്തന്നെ വിവിധശാസ്ത്രശാഖകൾ അഭ്യസിക്കുന്ന പതിനേഴായിരത്തിനുമേൽ അദ്ധ്യേതാക്കളുണ്ട്. അയർലാണ്ടിലും, സ്കോട്ട്ലാണ്ട്, ആസ്ത്രേലിയാ, ന്യൂസിലാണ്ട് മുതലായി കത്തോലിക്കമെന്നു പറയപ്പെടാൻ അർഹതയില്ലാത്ത മററു രാജ്യങ്ങളിലും കത്തോലിക്കമതം ഈവിധം അഭിവൃദ്ധിപ്പെട്ടുവരുന്നു. ആഫ്രിക്കയിൽ കത്തോലിക്കമതത്തിനു അടുത്തകാലത്തു വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. യൂറോപ്യൻരാജ്യക്കാരായ മിഷനറിസംഘങ്ങൾ അവിടെയുള്ള ആദിമനിവാസികളുടെയും മുസ്ലീമിങ്ങളുടെയും ഇടയിൽ ഫലപ്രദമായ വേലയാണു ചെയ്തുവരുന്നത്. കത്തോലിക്ക മിഷ്യനറിമാർ ജനങ്ങളുടെ സാക്ഷാൽ രക്ഷിതാക്കന്മാരായിട്ടാണ് ആഫ്രിക്കൻ ജനസമുദായങ്ങളാൽ പരിഗണിക്കപ്പെടുന്നത്. ഗവമ്മേണ്ടുകൾപോലും മിഷ്യനറിമാരെയാണ് ജനസമുദായങ്ങളുമായി ഇടപെടുവാൻ മദ്ധ്യസ്ഥന്മാരായി സ്വീകരിച്ചിട്ടുള്ളത്. ബ്രിട്ടീഷ് സാമ്റാജ്യത്തിൽപ്പെട്ട ആഫ്രിക്കയിൽ കഷ്ടിച്ചു പത്തുലക്ഷം കത്തോലിക്കരേയുള്ളു. ഏഷ്യയിൽ 33ലക്ഷവും അമേരിക്കയിൽ ൩൦ ലക്ഷത്തിൽ അധികവും ആസ്ത്രേല്യായിൽ ൧൪ ലക്ഷത്തിലധികവും യൂറോപ്പിൽ 62 ലക്ഷത്തിലധികവുമായി മൊത്തത്തിൽ ൧൫൦ലക്ഷം കത്തോലിക്കരാണ് ബ്രിട്ടീഷ് സാമ്റാജ്യത്തിലുള്ളത്.

---

## ൧൯൨൦ മീനമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### കൂലിവേലക്കാരുടെ മദ്ധ്യസ്ഥനും മാതൃകയുമായ വിശുദ്ധ യൌസേപ്പ്.

വിശുദ്ധ ത്രേസ്യാ പുണ്യവതിയുടെ കാലംമുതൽ വിശുദ്ധ യൌസേപ്പുപിതാവിന്റെ നേരെയുള്ള ഭക്തി തിരുസ്സഭയിൽ പ്രത്യേകവിധം പ്രചരിച്ചു തുടങ്ങുകയും ഈ ഭക്തി ഒന്നിനൊന്നു പ്രബലപ്പെട്ടുവരികയും ചെയ്യുന്നുണ്ട്. തിരുസ്സഭ പുതിയ പുതിയ ഭക്തികളെ ആദരിക്കുന്നതു കേവലം പുതുമപ്രിയം നിമിത്തമല്ല, പുണ്യാഭ്യാസങ്ങളിൽ വിശ്വാസികളെ പ്രേരിപ്പിക്കുന്നതിനായിട്ടാണ്.

വിശുദ്ധ യൌസേപ്പു പിതാവിന്റെ നേരെയുള്ള ഭക്തി നമ്മുടെ കാലത്തിനു് ഏററം യോജിച്ചതാകയാൽ തിരുസ്സഭ ഈ ഭക്തിയെ ഇക്കാലത്ത് സാമാന്യത്തിലധികം ആദരിച്ചു പ്രചരിപ്പിക്കുന്നുണ്ട്. തിരുക്കുടുംബത്തിന്റെ ഉത്തമ നാഥനും, നസ്രസിലെ ഉത്സാഹിയായ കൂലിവേലക്കാരനും, എല്ലാകുടുംബങ്ങളുടെയും എല്ലാക്കൂലിവേലക്കാരുടെയും മാതൃകയും സംരക്ഷകനും ആയിരിക്കണമെന്നാണ് തിരുസ്സഭയുടെ അത്യധികമായ ആഗ്രഹം.

നിന്റെ നെററിയിലെ വിയർപ്പു കൊണ്ടു് നിന്റെ അപ്പം ഭക്ഷിക്കണം എന്നുള്ള ശിക്ഷാവിധി നമ്മുടെ പിതാവായ ആദത്തിന്റെമേൽ വീണകാലംമുതൽ മനുഷ്യരെല്ലാം ഈ വിധിക്കധീനരായി. അതേ, മനുഷ്യരിൽ ഒരു വലിയ ഭാഗം കൂലിവേല ചെയ്തു കാലക്ഷേപം കഴിക്കുന്നവരാണു്. ദാവീദു രാജാവിന്റെ ഉന്നത ഗോത്രത്തിൽ ജനിച്ചവനായിരുന്നെങ്കിലും വിശുദ്ധ യൌസേപ്പും ഒരു കൂലിവേലക്കാരനായിട്ടാണു ജീവിതം കഴിച്ചതു്. ഈ രാജകുമാരൻ വെറും ഒരാശാരിയായിരുന്നു. ഈ വിശുദ്ധന്റെ ആഡംബരമില്ലാത്തതും പരിശ്രമപൂർണ്ണവുമായ ജീവിതമാണു് വേലക്കാർ അനുകരിക്കേണ്ടതു്. വി. യൌസേപ്പ് സാമാന്യക്കാരനായ ഒരു തച്ചനായിരുന്നതിനാൽ അദ്ദേഹത്തിന്റെ സമ്പാദ്യം വളരെക്കുറച്ചു മാത്രമായിരുന്നു. ഈ സമ്പാദ്യംകൊണ്ടു തന്റെ കുടുംബത്തെ താൻ സംരക്ഷിച്ചുകൊണ്ടുപോന്നു. നസ്രസിലെ കുടുംബം പലപ്പോഴും ദാരിദ്ര്യദുഃഖം അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്, എന്നാണു വിശുദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. എന്നുവരികിലും ആഡംബരപ്രിയം ഇല്ലാതിരുന്ന ആ കുടുംബാംഗങ്ങൾ ദാരിദ്ര്യദുഃഖം സസന്തോഷം സഹിക്കുകയാണു ചെയ്തിരുന്നതു്. ഇക്കാലത്തു പല സ്ഥലങ്ങളിലും വേലക്കാർ തങ്ങൾക്കു കിട്ടുന്നകൂലി മിതമായി വ്യയം ചെയ്യാതെ അനാവശ്യമായ ആഡംബരങ്ങളിലും മററും ദുർവ്യയം ചെയ്യുന്നു. ഈദൃശ ദുർവ്യയങ്ങൾക്കു കൂലി തികയാതെ വരുമ്പോൾ ന്യായമായ കൂലികിട്ടുന്നില്ലെന്നു ശഠിക്കുകയും പണിമുടക്കു മുതലായ ബഹളങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.



വിശുദ്ധ യൌസേപ്പ് ഉത്സാഹിച്ചു പരിശ്രമിച്ചിരുന്നു. വേദപുസ്തകത്തിൽ ഇദ്ദേഹത്തെ നീതിമാൻ എന്നു വിളിക്കുന്നതിൽ നിന്നും ഇദ്ദേഹം ചുമതലയെ നിർവ്വഹിക്കുന്നതിൽ വളരെ ഉത്സാഹിയായിരുന്നെന്നു വിശദമാകുന്നു. കൊള്ളാം, വിശ്വസ്ഥനായ ഭൃത്യാ, നീ അല്പകാര്യങ്ങളിൽ വിശ്വസ്ഥനാകയാൽ വലിയ കാര്യങ്ങളിൽ ഞാൻ നിന്നെ നിയമിക്കും എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്ത വാക്യങ്ങൾ ഈ വിശുദ്ധനു യോജിക്കുന്നതുപോലെ മററാർക്കും യോജിക്കുന്നില്ല. വേലക്കാർ കൂലി കിട്ടണമെന്നു ശഠിക്കുന്നുണ്ടെങ്കിലും വേല ചെയ്യുന്നതിൽ വളരെ മടിയന്മാരും നിരുത്സാഹികളുമായിട്ടാണു കണ്ടുവരുന്നതു്. ഈ ദുരവസ്ഥ വർദ്ധിച്ചുവരുന്നതു് വ്യക്തികൾക്കും സമുദായത്തിനും നാശഹേതുകമാണു്. ഇതിനു ഉത്തമ പ്രതിവിധി വി. യൌസേപ്പുപിതാവിനെ വേലക്കാർ തങ്ങളുടെ മാതൃകയായി സ്വീകരിച്ചു് ഈ വിശുദ്ധന്റെ സംരക്ഷണയിൽ തങ്ങളെ പ്രതിഷ്ഠിച്ചു വേലയുടെ മാഹാത്മ്യത്തെ ശരിയായി മനസ്സിലാക്കി പ്രവൃത്തിക്കയെന്നുള്ളതാണു്. ഈ കാര്യത്തിനായി തിരുഹൃദയഭക്തന്മാർ ഈ മാസം മുഴുവൻ പ്രാർത്ഥിക്കണമെന്നാണു് നമ്മുടെ പരിശുദ്ധപിതാവു നിശ്ചയിച്ചിരിക്കുന്നതു്.

**മേടമാസം.— വി. കുർബ്ബാനയുടെ സർവ്വരാജ്യസമ്മേളനം.**

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. ബനീഞ്ഞാ കൊൺസൊലാത്താ.

### 3. ആദ്യകുർബാന കൈക്കൊള്ളപ്പാട്ട്.

പ്രിയകുഞ്ഞുങ്ങളേ,

ബനീഞ്ഞാക്കു എട്ടുവയസ്സുപ്രായമായി. മാർയൌസേപ്പുപിതാവിൻെറ കന്യാസ്ത്രീകളുടെവക ഒരു പള്ളിക്കൂടത്തിലായിരുന്നു അക്കാലത്തു അവൾ പഠിച്ചിരുന്നതു. കന്യാസ്ത്രീകൾ ഈ സ്വർഗ്ഗീയ പൈതലിൻെറ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനു് വേണ്ട ഒരുക്കങ്ങളെല്ലാം താല്പര്യമായിച്ചെയ്തു. കുർബാന കൈക്കൊള്ളപ്പാടിനു മുമ്പായിക്കഴിച്ചധ്യാനത്തിൽ കേട്ട ഉപദേശങ്ങളുടെ ഒരുചുരുക്കം ബനീഞ്ഞാ സ്വന്തകയ്യക്ഷരത്തിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. "ആത്മീയമാളിക" എന്നാണു ആ നോട്ടു പുസ്തകത്തിനു അവൾ തലക്കെട്ടു കൊടുത്തിരിക്കുന്നതു. തലക്കെട്ടിനു കീഴായി അവൾ ഇങ്ങനെ ഒരു പ്രാർത്ഥനയും ചേർത്തിരിക്കുന്നു. "എൻെറ നല്ല ഈശോയേ! നീ എൻെറപാവപ്പെട്ട ഹൃദയത്തിലേക്കു എഴുന്നള്ളിവരിക, എൻെറ ആത്മീയമാളിക പണിയുന്നതിനു നീ എന്നെ സഹായിക്കുക. ആകാശത്തിലെ ഓർശലത്തിൽ ഒരു ദിവസം നിൻെറ സമീപം സ്ഥാപിക്കപ്പെട്ടുവാൻ യോഗ്യമാകുവാൻ തക്കവണ്ണം ഭംഗിയായി അതിനെ നീ പണിചെയ്യുക."

ദിവ്യഈശോയോടു ആദ്യമായി ഒന്നിച്ചശേഷമുള്ള അവളുടെ ജീവിതരീതി മുഴുവൻ സ്നേഹം വിളങ്ങുന്നതായിരുന്നു. ദിവ്യകാരുണ്യ സന്നിധിയിൽച്ചെന്നു തൻെറ പരലോകമണവാളനോടു സ്നേഹസംഭാഷണം ചെയ്യുന്നതിൽ അവളുടെ ഭാഗ്യമെല്ലാം അവൾ കണ്ടെത്തിയിരുന്നു. ദിവസേന അതിരാവിലെ എഴുന്നേററു ദേവാലയത്തിൽ എത്തിയശേഷം മാത്രമേ അവൾക്കു തൃപ്തിവന്നിരുന്നൊള്ളു. അവിടെ കുർബാനയുടെ മുമ്പാകെയുള്ള അവളുടെ സ്നേഹനെടുവീർപ്പുകളും ഭിക്തിപരവശങ്ങളും, സജീവ സല്ലാപങ്ങളും എവരെയും അത്ഭുതപ്പെടുത്തി. കുർബാനയുടെ മുമ്പാകെ ചെന്നെത്താൻസാധിക്കാതിരുന്നപ്പോഴെല്ലാം ഇടവിടാതെയുള്ള അരൂപിക്കടുത്ത കുർബാന കൈക്കൊള്ളപ്പാടുകൾ വഴിയായി ദിവ്യമണവാളനോടു അവൾ ഒന്നിച്ചിരുന്നു. ഇപ്രകാരമുള്ള സൈ്വരസല്ലാപങ്ങൾക്കിടയിലാണു ഈശോ അവൾക്കു കാണപ്പെടുകയും തൻെറ പരമരഹസ്യങ്ങളെ അവർക്കു അറിയിച്ചുകൊടുക്കയും ചെയ്വാൻ തുടങ്ങിയതു.

പ്രിയകുഞ്ഞുങ്ങളേ, ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ നമ്മെ എത്ര സ്നേഹിക്കുന്നുണ്ടെന്നും, നമ്മോടു സ്നേഹസംഭാഷണം ചെയ്യുന്നതിനു എത്ര ആഗ്രഹിക്കുന്നുണ്ടെന്നും നിങ്ങൾ അറിയുന്നുണ്ടോ? തന്നോടുകൂടെയുള്ള സ്നേഹസല്ലാപത്തിൻെറ മാധുര്യം അനുഭവിപ്പാൻ എപ്പോഴെങ്കിലും നിങ്ങൾക്കു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കുക.

## 2. ഈമാസത്തെ മദ്ധ്യസ്ഥൻ, വി. യൌസേപ്പുപിതാവ്.

(തിരുനാൾ മാർച്ച 19-ാംനു- ബുധനാഴ്ച)

സ്വർഗ്ഗത്തിൽ അനേകം പുണ്യവാന്മാരുണ്ട് എന്നാൽ സ്വർഗ്ഗത്തിൻെറ നാഥനെ തീററിപ്പോററുവാൻ ഭാഗ്യം സിദ്ധിച്ച ഒരു പുണ്യവാൻ മാത്രമേയുള്ളു. അതു മാർ യൌസേപ്പുപിതാവല്ലാതെ മററാരുമല്ല. മാർ യൌസേപ്പുപിതാവിനു മോക്ഷരാജ്യത്തിൽ ലഭിച്ചിട്ടുള്ള തുല്യമററ മഹത്വത്തിൻെറ പ്രധാനന്യായവും ഇതുതന്നെയാകുന്നു. ഈപിതാവിനോടുപ്രാർത്ഥിച്ചാൽ ലഭിക്കാത്തതൊന്നുമില്ല. അകയാൽ കുഞ്ഞുമക്കളെല്ലാവരും ഈ മാസത്തിൽ പ്രത്യേകിച്ചു പിതാവിൻെറ സങ്കേതം

തേടണം. ആണ്ടവസാനപരീക്ഷകളിലും മററും ജയം സിദ്ധിക്കുന്നതിനു ഈ പിതാവിന്റെ പ്രാൎത്ഥനയോളം ഫലസിദ്ധിയുള്ളതു ഒന്നുമില്ല. പ്രിയപിതാവേ, പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിപ്പാൻ ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ.



കെ. സി. സി. ഏ. ബാലസംഘം, മണലൂർ.

## 3. കെ. സി. സി. ഏ. ഡയറി.

ആണ്ടുവട്ടത്തിലെ പഠനമെല്ലാം തീൎന്നു പരീക്ഷകൾ സമീപിച്ചിരിക്കുന്ന കാലമാണല്ലോ. കുഞ്ഞുമക്കളുടെ വിജയത്തിനായി ഞാൻ പ്രതിദിനം പ്രത്യേകിച്ചു പ്രാൎത്ഥിക്കുന്നുണ്ട്. നിങ്ങളും അന്യോന്യം പ്രാർത്ഥിക്കണം. ഓരോരുത്തന്റെ ശക്തിക്കനുസരിച്ചു ബുദ്ധിമുട്ടുകയും വേണം. ഇങ്ങനെ കഴിവുള്ളതെല്ലാം ചെയ്തു കഴിഞ്ഞിട്ടു ദൈവതിരുമനസ്സിനു കീഴ്പെട്ടു നല്ല സമാധാനമായിരിക്കണം. വ്യഥാ കലങ്ങരുതു; അതു വിജയത്തിനു വലിയ പ്രതിബന്ധമായിരിക്കും. ധൈൎയ്യമായി പരീക്ഷയ്ക്കു പോകുക, ചോദ്യങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടു ഉത്തരം പറയുകയോ എഴുതുകയോ ചെയ്യുക. അപ്പോൾ എല്ലാം ശുഭമായിത്തീരും.

* * *

ജനുവരിമാസത്തേയ്ക്കുള്ള മത്സരം ഉണ്ണിക്കൊന്ത എത്തിക്കുന്നതിനായിരുന്നല്ലോ. എന്നാൽ കുഞ്ഞുമക്കൾക്കു ആ കാൎയ്യത്തിലുള്ള പരിചയക്കുറവുകൊണ്ടോ എന്തോ ഇതേവരെ ആരും അതിലേക്കു പേരയച്ചു തന്നിട്ടില്ല. അതിനാൽ ഉണ്ണിക്കൊന്തയേപ്പററി ഇത്തവണ അല്പം പ്രസ്താവിക്കാം. ഉണ്ണിമിശിഹായ്ക്കു വളരെ പ്രസാദകരവും, നമുക്കു അത്യന്തം ഫലസിദ്ധിയുള്ളതുമായ ഒരു ഭക്താഭ്യാസമാണിതു. "വചനംമാംസമായി" എന്നു ചൊല്ലിയിട്ടു ഒരു ആകാശങ്ങളിലിരിക്കുന്ന ചൊല്ലണം. ഈ വിധം മൂന്നു പ്രാവശ്യം ചൊല്ലിയിട്ടു "വചനംമാംസമായി നമ്മിൽ കുടിയിരുന്നു" എന്നു ചൊല്ലി പന്ത്രണ്ടു നന്മനിറഞ്ഞമറിയവും, ഒടുവിൽ ഒരു ത്രിത്വസ്തുതിയും ചൊല്ലുന്നതിൽ ഈ ജപമാല അടങ്ങിയിരിക്കുന്നു. കുഞ്ഞുങ്ങൾ മാത്രമല്ല, പല വലിയ ആളുകളും ഈ ജപമാല മുടങ്ങാതെ ചൊല്ലിവരുന്നതായി എനിക്കറിയാം. തിരുപിതാംക്കൂറിലെ ഒരു വലിയ ഡിപ്പാർട്ടുമെൻറിന്റെ ഡയറക്ടർ ഒരിക്കൽ മാന്നാനത്തു വന്നി

രുന്നപ്പോൾ തൻെറ ഉണ്ണിക്കൊന്ത നഷ്ട പ്പെട്ടുപോയെന്നു പറഞ്ഞുകൊണ്ടു വള രെ പണിപ്പെട്ടു വേറൊന്നു സമ്പാദിച്ചു കൊണ്ടുപോയതായി ഞാൻ ഓർമ്മിക്കുന്നു.

* * *

മാർച്ചുമാസത്തേ മത്സരം വി. യൌ സേപ്പു പിതാവിൻെറ ഭക്തി സംബന്ധി ച്ചു തന്നെ ആയിരിക്കണമല്ലോ. ഈ പി താവിനെക്കുറിച്ചു ജീവിതകാലം മുഴുവൻ പ്രതിദിവസം എന്തെങ്കിലും ഒരു ചെറി യ ഭക്തകൃത്യം നടത്തിക്കൊണ്ടുവരുന്നതി നു കുഞ്ഞുമക്കൾ ഉത്സാഹിക്കണം. മൂന്നു ത്രിതപസ്തുതി ചൊല്ലിക്കൊണ്ടു "തിരുഹൃദ യ സ്നേഹിതനായ വി. യൌസേപ്പേ ഞ ങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!" എ ന്നു ചൊല്ലിത്തുഴങ്ങുക. മാസംമുഴുവൻ ഇതുചൊല്ലുന്നവർ പേരയച്ചുതരണം. മേ ലിൽ മുടങ്ങാതെ ചൊല്ലാൻ താല്പര്യ പ്പെടുകയും വേണം.

* * *

കുഞ്ഞുമക്കളുടെ അപേക്ഷയാൽ കൊച്ചച്ചൻ ഒരു പ്രത്യേക മനോഗുണം ലഭിച്ചതിന്നു എല്ലാവർക്കും നന്നിപറഞ്ഞു കൊള്ളുന്നു. മേലിലും തുടൎന്നു അപേക്ഷി ക്കണം. നിങ്ങളുടെ പ്രാൎത്ഥനയിലാണു ഞാൻ എൻെറ വലിയശരണം വച്ചിരി ക്കുന്നതു്. എല്ലാവരും ഒന്നിച്ചുപരിശുദ്ധ അമ്മയുടെ പക്കൽ ചെന്നുചേരുന്നതുവ രെ അന്യോന്യം പ്രാൎത്ഥിക്കാം.

എന്നു നിങ്ങളുടെ

സ്വന്തം കൊച്ചച്ചൻ.

## ജെഫ്റസിൻെറ ദശവിധികൾ.

(1825-ലെ ഒരു കത്തിൽനിന്നു്)

1. ഇന്നു ചെയ്യുവാൻ പാടുള്ളതു് ഒരിക്കലും നാളേക്കു നീട്ടരുതു്.

2. നിനക്കു ചെയ്യുവാൻ സാധിക്കുന്ന ഒരു കാൎയ്യത്തിനു മറ്റൊരാളുടെ സഹായം ആവശ്യപ്പെടരുതു്.

3. കയ്യിൽ പണം വരുന്നതിനുമുമ്പ ചെലവിടുവാൻ ആരംഭിക്കരുതു്.

4. വിലക്കുറവുണ്ടെന്നു വിചാരിച്ച് ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിക്കരുതു്.

5. വിശപ്പും ദാഹവും ദീനവും ക്രുടി ചെയ്യുന്നതിനേക്കാൾ നാശം അഹംഭാവം തനിച്ചു വരുത്തിവെക്കുന്നു.

6. ഭക്ഷണത്തിൽ കുറവുചെയ്യുതുകൊണ്ടു ഒരുത്തൎക്കും ഒടുവിൽ ക്ലേശത്തിനു സംഗതിയായിട്ടില്ല.

7. നല്ല മനസ്സോടെ ചെയ്യുന്ന യാതൊന്നും ഭാരമായി തോന്നുന്നതല്ല.

8. ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത നാശങ്ങൾ നമുക്കു എന്തുമാത്രം വ്യസനം വരുത്തിവെച്ചിട്ടുണ്ട്.

9. എല്ലാ കാൎയ്യങ്ങളേയും ശാന്തതയോടും സന്തോഷത്തോടും ക്രുടി നേരിടണം.

10. കോപത്തോടു ക്രുടിയിരിക്കുമ്പോൾ സാവധാനത്തിൽ പത്തുവരെ എണ്ണിക്കഴിഞ്ഞാൽ സംസാരിക്കാം. കഠിനമായ കോപമാണെങ്കിൽ 100 വരെയെങ്കിലും എണ്ണാതെ സംസാരിക്കരുതു്.

ക. മീ.

# വർത്തമാന സംഗ്രഹം.

ആലുവാ യൂണിയൻ കോളജിലെ ചരിത്രപണ്ഡിതരായിരുന്ന മി. സി. ഇ. റോബിൻഡ്വര കഴിഞ്ഞ ക്രിസ്മസ് അ വധിക്കാലത്തു കത്തോലിക്കാസഭയിൽ പ്ര വേശിച്ചവിവരം കുസുമവായനക്കാർ അ റിഞ്ഞിരിക്കുമല്ലോ. കോളജിലെ ജോലി

തുടൻകൊള്ളുന്നതിനു തനിക്കു ഒരുക്കമാണെന്നു അദ്ദേഹം കോളജ്അധികൃതന്മാരെ അറിയിച്ചെങ്കിലും അവർഅദ്ദേഹത്തേ ജോലിയിൽ നിന്നു വിടത്തുകയാണുചെയ്തതു. എല്ലാ ക്രിസ്തീയവകുപ്പുകാരേയും ഏകീകരിക്കാനുള്ള യൂണിയൻ കോളജ്കാരുടെ 'യൂനിയൻശ്രമം' ഏതുവിധമെന്നു നോക്കുക.

+ + +

റഷ്യയിൽ മതപീഡനം ഭയങ്കരമായി തീർന്നിരിക്കുന്നു. ഈ ദുരവസ്ഥ നീങ്ങുന്നതിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തണമെന്നു നമ്മുടെ പരിശുദ്ധപിതാവു പതിനൊന്നാം പീയോസുമാർപ്പാപ്പാ കല്പിച്ചിരിക്കുന്നു. മാർച്ചു 19-ാംനു- വി. യൗസേപ്പു പിതാവിൻെറ തിരുനാളാണു പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ദിവസം. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറു അർച്ചുബിഷോപ്പന്മാരും മാർച്ചു 16-ാംനു- ഞായറാഴ്ച ഇക്കാര്യത്തിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

+ + +

സ്വീഡനിൽ ക്രിസ്തുമതം ആദ്യമായി പ്രസംഗിച്ചതിൻെറ 11-ാം ശതാബ്ദഘോഷം ഇതിനിടെ നടന്നിരിക്കുന്നു. വി. അൻഡ്ഗാർ എന്ന ബനദിക്തൻ സന്ന്യാസി 829-ൽ ആണു ബീർക്കാ എന്ന സ്ഥലത്തു ആദ്യമായി സുവിശേഷം പ്രസംഗിച്ചതു്. 1590-ൽ സ്വീഡൻ പ്രോട്ടസ്റ്റൻറുമതംസ്വീകരിച്ചു. 1873-ൽ കത്തോലിക്കർക്കു മതസ്വാതന്ത്ര്യം അനുവദിക്കുന്ന ഒരു രാജവിളംബരം പ്രസിദ്ധീകൃതമായതിൽപിന്നെ കത്തോലിക്കാസഭ സ്വീഡനിൽ അഭിവൃദ്ധി പ്രാപിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ആകെയുള്ള അറുപതുലക്ഷം ജനങ്ങളിൽ നാലായിരം കത്തോലിക്കരാണുള്ളതു്. 19 പട്ടക്കാരും 49 കന്ന്യാസ്ത്രീകളും സ്വീഡനിൽ വേലചെയ്തുവരുന്നു.

+ + +

വേദപ്രചാരവേലയിൽ ഒന്നാംസ്ഥാനം സ്റ്റ്റാസ്ബഗ്ഗ് രൂപതയ്ക്കാണെന്നു കണക്കുകൾകൊണ്ടു കാണുന്നു. അനാഥശിശുക്കളെ സംരക്ഷിക്കാനുള്ള തിരുബാല്യസഖ്യതയ്ക്കു ഏററം കൂടുതൽ ധനസഹായം ചെയ്യുന്നതു സ്റ്റ്റാസ്ബഗ്ഗ് രൂപതയാണ്. ഇതു വേദപ്രചാരസഖ്യതയ്ക്കു ഏററം കൂടുതൽ ധനസഹായം ചെയ്യുന്ന രൂപതകളിൽ ഒന്നാണ്. ഇവിടെ നിന്നാണു എല്ലാററിലും അധികം മിഷ്യനറിമാർ ഉള്ളതു്. സ്റ്റ്റാസ്ബഗ്ഗ്കാരായി 12 പ്രിഫെക്ട് അപ്പോസ്തോലിക്കമാരും 1200 മിഷ്യനറിമാരും ലോകത്തിൽ പലഭാഗങ്ങളിലായി വേല ചെയ്യുന്നു. ഈ രൂപതയിൽ 1200 പട്ടക്കാർവേറെയുമുണ്ട്.

+ + +

കാർഡിനൽ പെരോസി ഇക്കഴിഞ്ഞ ഫെബ്റുവരി 21-ാംനു-യും, 10-ാം പീയൂസു മാർപ്പാപ്പായുടെ സ്റ്റേററ്സെക്രട്ടറിയായിരുന്ന സുപ്രസിദ്ധനായ കാർഡിനൽ മേറിഡെൽവാൾ 27-ാംനു-യും കാലംചെയ്തിരിക്കുന്നതായി കമ്പിവാർത്തകളിൽ കാണുന്നു. ഇപ്പോൾ ഇററാല്യൻകർദ്ദിനാളന്മാർ 28-ം വിദേശകർദ്ദിനാളന്മാർ 32-ം ആയിട്ടുണ്ട്.

+ + +

മൌറീഷ്യസ് ദ്വീപിൽ പോർട്ടുലൂയിസിലെ മെത്രാനായ ഡോക്ടർ ജെയിംസ് ലീൻ അവർകൾ സ്വന്തം കാറിൽ പോകുമ്പോൾ ഒരു കടമാൻപോത്തു ഒരാളെ ഉപദ്രവിക്കുന്നതു കാണുകയും ഉടൻതന്നെ കാറിൽനിന്നിറങ്ങി ആയുധധാരിയായി ചെന്നു് ആ കടമാൻപോത്തിനെ എതിർത്തോടിച്ച് ആ സാധുവിനെ രക്ഷിക്കയുംചെയ്തു.

+ + +

പ്രസിദ്ധമായ ഐ. സി. ദാനിയേൽ അപകീർത്തിക്കേസിൻെറ അടുത്ത അവധി മാർച്ച് 5-ാംനു-യാണ്.

+ + +

മാർപ്പാപ്പായുടെ സ്റ്റേററുസെക്രട്ടറിയായ ഗസ്പാറി കർദ്ദിനാൾ ജോലിയിൽനിന്നു വിടുത്തപ്പെടുകയും തൽസ്ഥാനത്തു പച്ചേല്ലി കർദ്ദിനാൾ നിയമിതനാകയും ചെയ്തിരിക്കുന്നു.

## യാക്കോബ്യരുടെ ബഥനിയാശ്രമത്തിലെ യോഗം.

ബഥനിയുടെ മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ ക്ഷണമനുസരിച്ച് ബഥനിയാശ്രമത്തിനു 100 ക. യിൽ കൂടുതൽ ദാനം ചെയ്തിട്ടുള്ളവരിൽ 60–ൽ പരം പേരുടെ ഒരു യോഗം കുംഭം 9–ാം നു- പ്രസ്തുത അശ്രമത്തിൽ കൂടി ചില നിശ്ചയങ്ങൾ ചെയ്കയുമുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ:– 1. ബഥനിയുടെ സകല സ്വത്തുക്കളും 13 പേർ അടങ്ങിയ ഒരു ഭരണസമിതിയുടെ ആലോചനയോടും അറിവോടുംകൂടെ 3 കൊല്ലത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെടുന്ന 3 ട്രസ്റ്റികളാൽ നടത്തപ്പെടണം എന്നും,

2. ഇന്നു ഭൂമുഖത്തുള്ള യാതൊരു മതാദ്ധ്യക്ഷനും ബഥനിയുടെ ട്രസ്റ്റിന്മേലോ സ്വത്തുക്കളിന്മേലോ യാതൊരു അവകാശങ്ങളും ബന്ധങ്ങളും ഉണ്ടായിരിക്കുന്നതല്ലായെന്നും ആകുന്നു.

ഈ നിശ്ചയങ്ങൾ ബഥനിസന്യാസിനികളെ സംബന്ധിക്കുന്നതല്ലത്രെ.

---

# മനോഗുണ വിവരങ്ങൾ.

☞ മുദ്രക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഒരു രൂപാ മുമ്പേരടച്ച് അപേക്ഷിക്കണം.

വിശുദ്ധ കൊച്ചു ത്രേസ്യാ പുണ്യവതിയുടേയും കുഞ്ഞാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻേറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനും വി. റോക്കി പുണ്യവാൻെറ സഹായത്താൽ എൻെറ ജേഷ്ഠത്തിയുടെ സുഖക്കേട് ഭേദപ്പെട്ടതിനും ഉപകാരസ്മരണ.

എൻ.ററി. അന്ന. ഇളങ്ങുളം.

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യായുടേയും കുഞ്ഞാളശ്ശേരി മാർ തോമ്മാ മെത്രാനച്ചൻേറയും സഹായത്താലും എൻെറ ദിനം സുഖപ്പെട്ടതിന്.

ജെ. വക്കി പാലാ.

ഈശോയുടെ തിരുഹൃദയത്തിൻെറ കൃപയാലും മാർ ഔസേപ്പു പിതാവിൻെറയും വി. കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥതയാലും എൻെറ മകൾ സ്കൂൾ ലീവിങ്ങ് പരിക്ഷ ജയിച്ചതിനും, എൻെറ ഭാര്യയുടെ പ്രസവം അപകടംകൂടാതെ കഴിഞ്ഞതിനും ഉപകാരസ്മരണ.

വി. ജേക്കബ്. മുണ്ടക്കയം.

മാതാവിൻെറയും വി. അന്തോനീസിൻെറയും സഹായത്താൽ ലഭിച്ച ഒരു പ്രത്യേക മനോഗുണത്തിനു ഉപകാരസ്മരണ.

കെ. യു. അതിരമ്പുഴ.

കുടമാളൂർ വി. കൊച്ചുത്രേസ്യാപുണ്യവതിക്കു കുരിശും പുഷ്പവും എഴുന്നള്ളിക്കുന്നതിനു നേന്നതു നിമിത്തം അധികാരികളുടെ തെററിദ്ധാരണമൂലം കോൺട്രാക്ട് സംഖ്യയിൽ നിന്നു കുറവുചെയ്തു കിട്ടാൻ ശരണമില്ലാതെ കിടന്നിരുന്ന 600 ക., ഒരു നല്ല സംഖ്യ ലാഭത്തോടുകൂടെ, കിട്ടിയതിന്ന്.

കോൺട്രാക്ടർ പി. മത്തായി.
കുടമാളൂർ.

മുണ്ടക്കയത്തു വി. അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടേയും വ്യാകുലമാതാവിൻെറയും സഹായത്താൽ ജീവിതാന്തസ്സു നിശ്ചയിക്കുവാൻ സാധിച്ചതിന്.

പി. ററി. ഠറി. കാഞ്ഞിരപ്പള്ളി.

രാമപുരത്ത് വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സഫലമായതിന്.

സി. മറ്റിരിത്താ, രാമപുരം.

വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസിൻെറയും മാർ തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ ഒരു കാര്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുന്നു.

സി. ഡി. അബ്രാഹം കിഴവറയാർ.

ഉണ്ണിഈശോയുടേയും, വിശ്രു: കൊച്ചുത്രേസ്യാപുണ്യവതിയുടേയും സഹായത്താൽ എൻെറ ദീനം സുഖമായതിനു് കുസുമംവഴി നന്ദിപറഞ്ഞുകൊള്ളുന്നു.

കിഴതടിയൂർ.

കുടമാളൂർ നവമായി സ്ഥാപിച്ചിട്ടുള്ള വി. യൌസേപ്പ് പിതാവിൻെറ കപ്പേളയിൽ ഒരു നവനാൾപ്രാത്ഥന നടത്തിയതിൻെറ ഫലമായി ഒരു ഭയങ്കര വിപത്തു നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ.

ജെ. എം. കുടമാളൂർ.

വി. കൊച്ചുത്രേസ്യായുടേയും കുഴ്‌ളാളശ്ശേരി മാത്തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ എൻെറ കുട്ടിയുടെ അപകടമായ ദീനം സുഖമായതിന്നു്.

പി. റി. എം. തിടനാട്ട്.

രാമപുരത്തു് വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥതയാൽഅനുഗ്രഹിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

സി. എമിൽഡാ, രാമപുരം.

## ചരമവാത്തകൾ.

കത്താവിൽ ഭാഗ്യമരണം പ്രാപിച്ചതാഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമ വായനക്കാർ പ്രാത്ഥിപ്പാറാകണം.

പാലാ തിരുഹൃദയ മഠത്തിലെ ബ. എവുപ്രാസ്യാമ്മ ഫെബ്രുവരി ൨-ാംനു- വയസ്സ് ൫൰.

പറപ്പൂക്കരപള്ളി എടവക ആനന്ദപുരം ഇളങ്കുന്നപ്പുഴ ബ. യാക്കോബച്ചനവർകളുടെ പിതാവു് ശ്രീമാൻ ഔസേപ്പ് ഫെബ്രുവരി ൧൨-ാംനു- ൭൰ വയസ്സ്.

ഭരണങ്ങാനം ക്ലാരമഠത്തിലെ ബ. ബയത്രീസമ്മ ഫെബ്രുവരി ൧൫-ാംനു- വയസ്സ് ൨൰.

തമ്പലക്കാട്ടു സ്വദേശിയും പാലി ഹൈസ്കൂൾ സഹായാധ്യാപകനുമായ മാ വി. സി. ഇട്ടിയവിരാ വട്ടേക്കാട്ട്. ഫെബ്രുവരി ൧൰-ാംനു- ൨൫ വയസ്സ്.

വരിക്കാക്കു

# പ്രത്യേക വിജ്ഞാപനം.

നസ്രാണിദീപികയുടേയും കമ്മെലകുസുമത്തിൻെറയും വരിസംഖ്യ സംബന്ധിച്ച് ഏജൻസി മാർച്ച് ഒന്നാംതീയതിയോടുകൂടി നിറുത്തൽ ചെയ്തിരിക്കുന്നുവെന്നുള്ള വിവരം ഇതിനാൽ ഏവരേയും തെര്യപ്പെടുത്തിക്കൊള്ളുന്നു.

മേലാലുള്ള പണമെടപാടുകളെല്ലാം നസ്രാണിദീപികയുടേയും കമ്മെലകുസുമത്തിൻെറയും മാനേജരുമായി നേരിട്ടുതന്നെ നടത്തുന്നതല്ലാതെ മറുവിധം ചെയ്യുന്നതായാൽ ഇവിടെ ഉത്തരവാദം ചെയ്യുന്നതല്ലെന്നും അറിയിച്ചുകൊള്ളുന്നു.

മാനേജർ, 'കമ്മെലകുസുമം', മാന്നാനം.

Printed and Published for the Proprfetor by P. K. Joseph at
the St. Joseph's Press, Mannanam. 1930.